KNANAYADEEPAM

# ക്നാനായ ദീപം

Vol: 37 / Issue: 7 July 2026 ₹:20/-



"എന്റെ കർത്താവും എന്റെ ദൈവവുമേ"


Rosa Mystica Care Home
Opp: HP Petrol Pump. 101 Jn., MC Road, Kottayam, Phone: 8547917898, 8547444579
web:www.rosamysticacarehome.com. You Tube: Rosa mystica Care Home, E-mail:rosamysticacarehome@gmail.com
Branch: Opp.CMS College Main ground, Kottayam-01, Phone: 8547917898, 6238917898,7012783053, 8547916898
Branch all ready started in Kottayam
കുറച്ചു കാലത്തേക്കോ, സ്ഥിരമായിട്ടോ വിശ്രമജീവിതം ആഗ്രഹിക്കുന്നവർക്കായ് ആരോഗ്യവും സന്തോഷവും സമാധാനവും നിറഞ്ഞ ഭവനാന്തരീക്ഷം ഞങ്ങൾ ഒരുക്കുന്നു.
ഞങ്ങളുടെ സേവനങ്ങൾ
• 24 മണിക്കൂറും യൂറോപ്യൻ നിലവാരമുള്ള നേഴ്സിംഗ് പരിചരണം
• ഫിസിയോ തെറാപ്പി & സ്പീച്ച് തെറാപ്പി
• ഡോക്ടറിന്റെ സേവനം (Doctor Visit)
• വിദഗ്ദ്ധ പാലിയേറ്റിവ് കെയർ വിഭാഗം
• Tracheostemy Care, Suction, Bed Ridden with Bedsore care തുടങ്ങി ഒരു ഹോസ്പിറ്റലിൽ കൊടുക്കുന്ന എല്ലാവിധ നേഴ്സിംഗ് കെയർ.
• Folyes catheter and Ryles tube insertion etc...
• Peg tube Feeding
• Critical care support Exg. Ventilator, Bipap etc..
• Heavy Residents നെ lift ചെയ്യുവാൻ ആധുനിക ഉപകരണം (Sling hoist)
• ആംബുലൻസ് സൗകര്യം
• സോഷ്യൽ വർക്കർമാരുടെ (M.S.W) മേൽനോട്ടം
• കൗൺസിലിംഗ്, മാനസിക ഉല്ലാസം നൽകുന്ന പ്രോഗ്രാമുകൾ
• Homely Food
• എ.സി & നോൺ എ.സി. മുറികൾ
• സ്വയം ചലിക്കുവാൻ സാധിക്കാത്തവർക്കുപോലും പ്രകൃതിയുടെ ഭംഗി ആസ്വദിക്കുവാൻ ഇവിടെ അവസരം ഒരുക്കപ്പെടുന്നു.
• ആവശ്യമെങ്കിൽ Hospital Admission with our Bystander
• പരസഹായം വേണ്ടവർക്ക് അവരുടെ മനസ്സറിഞ്ഞ്, ഹൃദയംതൊട്ട് അവരുടെ കൈ കാലുകളായി റോസാ മിസ്റ്റിക്ക പ്രവർത്തിക്കുന്നു.
• ജോലിയിൽ നിന്ന് വിരമിച്ചവർക്ക് വിശ്രമജീവിതം ആനന്ദകരമാക്കാൻ അവസരം ഒരുക്കുന്നു.

Advt -O

# ക്നാനായ ദീപം

2026 ജൂലൈ പുസ്തകം 37 ലക്കം 7

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം

എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 07
റ്റി. ഒ. എബ്രഹാം തോട്ടത്തിൽ

ഗീവർഗീസ് മോർ സേവേറിയോസ് തിരുമേനി ശ്രാദ്ധപ്പെരുന്നാളും ചരമശതാബ്ദി ഉദ്ഘാടനവും 9

ഏതൊന്നിനെ അറിയുന്നതിൽക്കൂടി... 10
സണ്ണി ജേക്കബ് കാട്ടുവേലിൽ

ജീവിത നൈപുണ്യം പരിപോഷിപ്പിക്കാം 15
സുനിൽ ഡി. കുരുവിള

ഫലപൂർണ്ണമായ വൃക്ഷം 16
ജോയി മുംബൈ

ഉണങ്ങിയ അസ്ഥികൾ 17
കൊച്ചുമോൻ പള്ളിക്കപ്പറമ്പിൽ

മനുഷ്യവിചാരങ്ങളെ... 18
അമ്മാൾ രാജൻ പുളിമൂട്ടിൽ

ഏവൻഗേലിയോൻ ദീപം 20
ഫാ. ബിബിൻ ആൻഡ്രൂസ് കുന്നുംപുറത്ത്
ഫാ. ജിനു മാത്യു മേലേൽ

സഭയുടെ അതിജീവനമാർഗ്ഗം 23
ഫാ. ഡാർലി എടപ്പങ്ങാട്ടിൽ

മലർവാടിക്കൂട്ടം, ബാലദീപം ക്വിസ് 24

33 Taste and see that the God is good
Seema Shinto, Kanniyel

35 ആദം നീ എവിടെയാകുന്നു
പ്രൊഫ. എബ്രഹാം മണിമലേത്ത്

36 സമാഗമനകൂടാരം
സണ്ണി ഇളംപുരയിടത്തിൽ

37 വിശുദ്ധ തോമാശ്ലീഹാ
ക്നാനായദീപം ആർക്കൈവ്സ്

39 മല്പാനോട് ചോദിക്കാം

40 കുർബ്ബാനവീഥിയിൽ
ഫാ. ജേക്കബ് കല്ലുകുളം

41 മാട്രിമോണിയൽ

SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Abraham Mathew (Roy Achan)**
**Cor Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby)
Komarathumparambil
Mathew Abraham (Wailskutty),
Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary

Visit www.
knanayadeepam.in

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
**Ph: 0481-2430176, 0481-2961213**
**Mob. 85475 84440**
**Fr. Jacob Kallookulam 9447563240**
E-mail:
**kna.deepam@gmail.com**

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




**വേഗം വരുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രിയ ദീപം വായനക്കാർക്ക് സ്നേഹവന്ദനം.**

കർത്താവിൽ പ്രിയരെ,

2026 പുതിയ വർഷത്തിന്റെ ആറുമാസങ്ങൾ പിന്നിടുവാൻ സ്വർഗ്ഗത്തിലെ ദൈവം, നമ്മുടെ പ്രാണപ്രിയൻ നമ്മെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്തു. പ്രതികൂലങ്ങളും, പ്രശ്നങ്ങളും, രോഗങ്ങളും വന്നുവെങ്കിലും അവയെ തരണം ചെയ്തു മുമ്പോട്ടു പോകുവാനും ജീവനുള്ളവരുടെ ദേശത്ത് ജീവിതനന്മകൾ അനുഭവിക്കുവാനും കർത്താവിനെ സ്തുതിച്ചു ജീവിക്കുവാനും നമുക്ക് ദൈവം കൃപ ചെയ്തിരിക്കുന്നു. ദൈവം നമുക്ക് നൽകിയിരിക്കുന്ന ഒരു വലിയ പ്രത്യാശയുടെ വചനം ചിന്തിക്കാം (പുറ.33:14) എന്റെ സാന്നിദ്ധ്യം നിന്നോടുകൂടെ പോരും. ഞാൻ നിനക്ക് സ്വസ്ഥത നൽകും എന്ന് അരുളിച്ചെയ്തു.

ഭയാശങ്കകളും അനിശ്ചിതത്വങ്ങളും അസ്വസ്ഥതകളും നിറഞ്ഞ ലോകത്താണ് നാം ജീവിക്കുന്നത്. നമ്മുടെ ബുദ്ധിയും സാമർത്ഥ്യവും ധൈര്യവും കൊണ്ട് അത് തരണം ചെയ്യാൻ കഴിയുമെന്ന് ചിന്തിക്കുന്നവരുണ്ട്. സാധാരണ സംഗതികൾക്ക് അത് മതിയാകും. എന്നാൽ അസാധാരണവും അപ്രതീക്ഷിതവുമായ സാഹചര്യങ്ങളിൽ പ്രകൃതിക്കതീതമായ അസാധാരണമായ സഹായം അത്യാവശ്യമാണ്. അത് അറിയുന്ന ദൈവമാണ് തന്റെ സാന്നിദ്ധ്യവും സ്വസ്ഥതയും നമുക്ക് വാഗ്ദാനം ചെയ്തിരിക്കുന്നത്. പേടിച്ചും ദുഃഖിച്ചും നിരാശപ്പെട്ടും ഉത്ക്കണ്ഠയോടെ ജീവിക്കുന്നതിനു പകരമായി ദൈവീക ബന്ധത്തിൽ ധൈര്യത്തോടും പ്രത്യാശയോടും ജീവിക്കാനുള്ള വചനങ്ങൾ ബൈബിളിൽ ഉണ്ട്. ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടെ ഉണ്ട്. യെശ.43:5 ദൈവത്തിന്റെ സാന്നിദ്ധ്യം കൂടെയുണ്ടായിരുന്നതിനാൽ മോശ ഫറവോന്റെ അടുക്കൽ പോയിട്ടും പരാജയപ്പെട്ടില്ല. അവിടെ മോശയുടെ പ്രവൃത്തികൾ അല്ല ദൈവത്തിന്റെ അത്ഭുത പ്രവൃത്തികളാണ് വെളിപ്പെട്ടത്. നമ്മോടു കൂടെയുള്ള ദൈവസാന്നിദ്ധ്യം ഇമ്മാനുവേൽ രോഗശാന്തി നൽകുന്നതാണ്. രോഗം വരാതെ പ്രതിരോധ ശക്തികൊണ്ട് നമ്മെ കാത്തു സൂക്ഷിക്കുന്നവനാണ് കർത്താവ്.

യേശുക്രിസ്തു ഒരു വിൽപ്പത്രം തയ്യാറാക്കിയിട്ടാണ് ഇഹലോകവാസം വെടിഞ്ഞതെന്ന് സുപ്രസിദ്ധ വേദവ്യാഖ്യാതാവായ മാത്യു ഹെൻട്രി രേഖപ്പെടുത്തിയിട്ടുണ്ട്. ആ വിൽപ്പത്രത്തിൽ ക്രിസ്തു തന്റെ ആത്മാവിനെ പിതാവിനും, ശരീരത്തെ അരിമത്യായിലെ യോസേഫിനും, വസ്ത്രങ്ങൾ തന്നെ ക്രൂശിച്ച പടയാളികൾക്കും, മാതാവിന്റെ ചുമതല യോഹന്നാനും നൽകി. തന്നെ അനുഗമിക്കുവാൻ എല്ലാം വിട്ടിറങ്ങിയ ശിഷ്യഗണങ്ങൾക്കുവേണ്ടി നീക്കിവെച്ചത് ഏറ്റവും മെച്ചമേറിയതാണ്. അത് പൊന്നോ വെള്ളിയോ അല്ല, പിന്നെയോ ക്രിസ്തുവിന്റെ സമാധാനം ആയിരുന്നു. 'എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചു പോകുന്നു. (യോഹ. 14:27) യേശുക്രിസ്തു മനുഷ്യവർഗ്ഗത്തിനു നൽകിയ അതിമഹത്തായ സമ്മാനമാണ് ദിവ്യസമാധാനം. അതിനു വിശുദ്ധവേദത്തിൽ കൊടുത്തിരിക്കുന്ന പേര് സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം എന്നാണ്. ബുദ്ധിയുടെ അളവുകോൽകൊണ്ട് അളക്കുവാൻ കഴിയാത്തതും മാനുഷിക ജ്ഞാനത്താൽ ഗ്രഹിക്കാൻ സാധിക്കാത്തതുമാണ് ദൈവം തരുന്ന സമാധാനം. പരിതസ്ഥിതികൾ പ്രതികൂലമാകുമ്പോഴും ചുറ്റുപാടുകൾ വിപരീതമായിത്തീരുമ്പോഴും ചഞ്ചലപ്പെടാതിരിക്കാൻ പ്രാപ്തനാക്കുന്നതാണ് ദൈവസമാധാനം. ഏതു പ്രതിസന്ധിഘട്ടത്തിലും ദൈവത്തിൽ ആശ്രയിച്ച് ഉറച്ചിരിക്കുന്നതിനുള്ള ശക്തിക്കാണ് ദൈവസമാധാനം എന്നു പറയുന്നത്. ബാഹ്യസ്ഥിതികളുടെ സമ്മർദ്ദത്താൽ അലഞ്ഞുലയാതിരിക്കത്തക്ക ആന്തരിക ബലമാണ് ദൈവസമാധാനത്തിന്റെ ലക്ഷണം. ഇത്തരത്തിലുള്ള സമാധാനം എവിടെനിന്നു ലഭിക്കും. ഇത് നമുക്ക് ലഭിക്കുന്നത് യേശുക്രിസ്തുവിൽ നിന്നാണ്. മനുഷ്യരിൽ നിന്നോ മനുഷ്യസംഘടനകളിൽ നിന്നോ ഇത് ലഭിക്കുന്നതല്ല. യേശുക്രിസ്തുവിനെ അറിയുക എന്നതാണ് സമാധാന ലബ്ധിക്കുള്ള പ്രഥമ മാർഗ്ഗം. വിശുദ്ധ പൗലോസ് പ്രസ്താവിക്കുന്നത് അവൻ നമ്മുടെ സമാധാനം. അവൻ ഇരുപക്ഷത്തേയും ഒന്നാക്കി ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി വേർപാടിന്റെ നടുചുവർ ഇടിച്ചുകളഞ്ഞതു സമാധാനം ഉണ്ടാക്കിക്കൊണ്ടു ഇരുപക്ഷത്തേയും തന്നിൽ പുതുമനുഷ്യനാക്കി സൃഷ്ടിപ്പാനും ക്രൂശിന്മേൽ വെച്ച ശത്രുത്വം ഇല്ലാതാക്കി അതിനാൽ ഇരുപക്ഷത്തേയും ഏകശരീരത്തിൽ ദൈവത്തോടു നിരപ്പാനും തന്നെ (എഫേ. 2:1416). അതുകൊണ്ട് സമാധാനത്തിന്റെ ഉറവിടമായ ക്രിസ്തുവിനെ നാം യഥാർത്ഥമായി അറിയുന്തോറും നമ്മിൽ ശാശ്വതമായ സമാധാനം ഉളവാകുമെന്നതിന് സംശയമില്ല. ക്രിസ്തുവിലൂടെ വെളിപ്പെട്ട ദൈവമാണ് നമ്മുടെ സമാധാനദായകൻ.

ക്രിസ്തുവിന്റെ മണവാട്ടിയും ശരീരവുമാകുന്ന സഭയിൽ സമാധാനം നിലനിർത്തുകയെന്നത് സഭാമക്കളുടെ മൗലികമായ അവകാശമായതിനാൽ സഭയിൽ സമാധാനം പുന:സ്ഥാപിക്കാൻ സഭാ നേതൃത്വത്തിനും വലിയ ഉത്തരവാദിത്വം ഉണ്ട്. വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ രാഷ്ട്രങ്ങൾ തമ്മിലുള്ള തർക്കങ്ങൾ ഇന്ന് പരിഹരിക്കപ്പെടുന്നു. തെക്കേ അമേരിക്കയിലെ രണ്ട് അയൽരാജ്യങ്ങളായ ചിലിയും അർജന്റീനയും തമ്മിൽ അതിർത്തിയെ ചൊല്ലി ദീർഘവർഷങ്ങൾ യുദ്ധം നടന്നു. ഒടുവിൽ 1904 ൽ സമാധാന ഉടമ്പടിയിൽ അവർ ഒപ്പുവെച്ചു. ആ ഉടമ്പടിയുടെ ഉറപ്പിനായി രണ്ട് രാജ്യങ്ങളുടെയും അതിർത്തിയിലുള്ള ആൻഡീസ് പർവ്വതത്തിന്റെ നെറുകയിൽ ഒരു കൈ ഉയർത്തിപ്പിടിച്ചും മറ്റേ കൈയ്യിൽ കുരിശും വഹിച്ചുകൊണ്ടുള്ള യേശുക്രിസ്തുവിന്റെ ഭീമാകാരമായ പ്രതിമ അവിടെ സ്ഥാപിച്ചു അതിന്റെ ചുവട്ടിൽ എഴുതി. ഈ പർവ്വത നിരകൾ തൽസ്ഥാനത്തുനിന്ന് നീങ്ങിപ്പോകുന്നുവെങ്കിലല്ലാതെ വീണ്ടെടുപ്പുകാരനായ യേശുക്രിസ്തുവിന്റെ പാദത്തിൽ വെച്ച് ചെയ്ത ഉടമ്പടി ലംഘിക്കുകയില്ല. ഇതിനുശേഷം ഇരു രാജ്യങ്ങൾക്കുമുണ്ടായ അഭിവൃദ്ധി അത്ഭുതാവഹമായിരുന്നു. കർത്താവുള്ളിടത്ത് സമാധാനം ഉണ്ട്. സമാധാനമുള്ളിടത്ത് അനുഗ്രഹവും അഭിവൃദ്ധിയുമുണ്ട്.

ഇന്ന് മലങ്കരസഭയിലും ക്നാനായ സമുദായത്തിലും ഉള്ള

*(ശേഷം പേജ് 6-ൽ)*

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



**2026**-ലെ പാതി പിന്നിട്ട് നാം ജൂലൈയുടെ കൃപാപ്രഭയിൽ പ്രവേശിച്ചിരിക്കുകയാണ്. കടന്നുപോയ ദിനങ്ങളിലൊക്കെയും നമ്മെ കൈവിടാതെ കരുതിയ ദൈവത്തിന് ഹൃദയം നിറഞ്ഞ സ്തുതി അർപ്പിക്കാം. അവിടുത്തെ കരുണയുടെ കൈകൾ നമ്മെ നയിച്ച ഓരോ വഴിയും നന്ദിയോടെ ഓർക്കുമ്പോൾ, ജീവിതം തന്നെ ഒരു സ്തോത്രഗീതമായി മാറുന്നു.

ജൂലൈ 3-ന് സഭ ഭക്തിപൂർവ്വം ആചരിച്ച വിശുദ്ധ മോർ തോമാശ്ലീഹായുടെ ഓർമ്മ, നമ്മുടെ വിശ്വാസ ജീവിതത്തിന്റെ അടിസ്ഥാന ശിലകളിലേക്കുള്ള ആത്മീയ മടങ്ങിപ്പോക്കായിരുന്നു. ഇന്ത്യയുടെ മണ്ണിൽ സുവിശേഷത്തിന്റെ വിത്ത് വിതച്ച് ക്രിസ്തുവിന്റെ സത്യപ്രകാശം തെളിച്ച തോമാശ്ലീഹാ, എന്റെ കർത്താവും, എന്റെ ദൈവവുമേ" എന്ന വിശ്വാസപ്രഖ്യാപനത്തിലൂടെ സംശയത്തിന്റെ മേഘങ്ങളെ കീറിമുറിച്ച് ഉറച്ച വിശ്വാസത്തിന്റെ പ്രകാശത്തിലേക്കുള്ള യാത്രയുടെ ജീവനു തുല്യമായ പ്രതീകമായി മാറുന്നു.

വിശ്വാസം വാക്കുകളുടെ അലങ്കാരമല്ല, മറിച്ച് ജീവിതത്തിന്റെ സമർപ്പിത സാക്ഷ്യമാണെന്ന് മോർ തോമാശ്ലീഹാ തന്റെ ജീവിതത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു. ദൂരം മറികടന്ന്, പീഡനങ്ങൾ സഹിച്ച്, സ്വന്തം ജീവൻ തന്നെ സുവിശേഷത്തിന്റെ വിത്തായി സമർപ്പിച്ച അദ്ദേഹത്തിന്റെ പാത ഇന്നും സഭയുടെ ആത്മീയ തിരിച്ചറിവിന് അടിത്തറയായി നിലകൊള്ളുന്നു. ഈ വിശുദ്ധ ഓർമ്മദിനം വ്യക്തിപരമായ വിശ്വാസത്തെ പുതുക്കാനും, കുടുംബജീവിതത്തിൽ സുവിശേഷ മൂല്യങ്ങളെ ആഴപ്പെടുത്താനും, സഭയുടെ ഏകതയും സാക്ഷ്യവും ശക്തിപ്പെടുത്താനും നമ്മെ ക്ഷണിക്കുന്നു. അവിടുത്തെ മദ്ധ്യസ്ഥതയിൽ നമ്മുടെ വിശ്വാസം കൂടുതൽ ഉറച്ചതും സജീവവുമായ സാക്ഷ്യമായി മാറട്ടെ.

നിലയ്ക്കൽ എക്യുമെനിക്കൽ പള്ളിയിൽ വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ ദുഃഖ്റോനോ പെരുന്നാളിനോടനുബന്ധിച്ച് വിശുദ്ധ കുർബ്ബാന അർപ്പിക്കുവാൻ ഇടയായത് ദൈവത്തിന്റെ പ്രത്യേക കൃപയാണ്. വിശുദ്ധന്റെ ഓർമ്മകൾ പുതുക്കപ്പെട്ട ആ പുണ്യസമയത്ത്, പ്രാർത്ഥനയുടെയും ഭക്തിയുടെയും ആത്മാവിൽ ഒരുമിച്ചുകൂടിയ നൂറുകണക്കിനു വിശ്വാസികളുടെ സാന്നിധ്യം ഹൃദയത്തിന് ആനന്ദവും പ്രത്യാശയും പകർന്നു. ഈ പെരുന്നാളിന്റെ അനുഗ്രഹകരമായ നടത്തിപ്പിനായി ആത്മാർത്ഥമായി പ്രവർത്തിച്ച നിലയ്ക്കൽ ട്രസ്റ്റ് അംഗങ്ങൾക്കും കമ്മിറ്റി ഭാരവാഹികൾക്കും, ക്നാനായ കമ്മിറ്റി അംഗങ്ങൾ, ഭക്തസംഘടനാ ഭാരവാഹികൾ, വിവിധ ദൈവാലയങ്ങളിൽ നിന്ന് കടന്നുവന്ന് സ്നേഹപൂർവ്വം സഹകരിച്ച എല്ലാ വിശ്വാസികൾക്കും ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു. പ്രത്യേകാൽ തേവരുമുറി തോമസുകുട്ടിയോട്. എല്ലാവരുടെയും സമർപ്പിത സേവനം സഭയുടെ കൂട്ടായ്മയുടെ സൗന്ദര്യത്തിന് സാക്ഷ്യമായി മാറുന്നു. നിലയ്ക്കൽ മലനിരകളിൽ ഉയർന്ന പ്രാർത്ഥനകളും സ്തുതിഗീതങ്ങളും നമ്മുടെ വിശ്വാസജീവിതത്തെ ദിനംപ്രതി ശക്തിപ്പെടുത്തട്ടെ.

**വിശ്വാസം വാക്കുകളുടെ അലങ്കാരമല്ല, മറിച്ച് ജീവിതത്തിന്റെ സമർപ്പിത സാക്ഷ്യമാണെന്ന് മോർ തോമാശ്ലീഹാ തന്റെ ജീവിതത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു. ദൂരം മറികടന്ന്, പീഡനങ്ങൾ സഹിച്ച്, സ്വന്തം ജീവൻ തന്നെ സുവിശേഷത്തിന്റെ വിത്തായി സമർപ്പിച്ച അദ്ദേഹത്തിന്റെ പാത ഇന്നും സഭയുടെ ആത്മീയ തിരിച്ചറിവിന് അടിത്തറയായി നിലകൊള്ളുന്നു.**

ജൂലൈ 15-ന് സഭ സ്മരിക്കുന്ന വിശുദ്ധ മോർ കുറിയാക്കോസ് സഹദായുടെ ഓർമ്മദിനം വിശ്വാസധൈര്യത്തിന്റെയും അചഞ്ചലമായ ദൈവ സമർപ്പണത്തിന്റെയും ജ്വലിക്കുന്ന സാക്ഷ്യമാണ്. ബാല്യത്തിൽ തന്നെ ക്രിസ്തുവിനായി സമ്പൂർണ്ണമായി സമർപ്പിക്കപ്പെട്ട ഈ വിശുദ്ധ സഹദാ, ലോകത്തിന്റെ ആകർഷണങ്ങളെയും ഭയങ്ങളെയും അതിജീവിച്ച് ദൈവസ്നേഹത്തിൽ ഉറച്ചു നിൽക്കുന്നതിന്റെ ഉജ്ജ്വല മാതൃകയായി പ്രകാശിക്കുന്നു. വേദനയും പീഡനവും നിറഞ്ഞ സാഹചര്യങ്ങളിലും ക്രിസ്തുവിന്റെ സത്യത്തിൽ നിന്ന് പിന്മാറാതിരുന്ന അദ്ദേഹത്തിന്റെ ജീവിതം ഇന്നത്തെ വിശ്വാസികൾക്ക് പ്രത്യാശയുടെയും ധൈര്യത്തിന്റെയും ദീപസ്തംഭമായി നിലകൊള്ളുന്നു. വിശ്വാസം സമർപ്പണത്തിന്റെ ജീവിതയാത്രയാണെന്ന് ഈ സഹദായുടെ രക്തസാക്ഷിത്വം നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ ഓർമ്മദിനം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും വിശ്വാസത്തിന്റെ തീജ്വാല വീണ്ടും ജ്വലിപ്പിക്കുകയും, സുവിശേഷ സത്യത്തിനുവേണ്ടി നിലകൊള്ളാനുള്ള ധൈര്യം പുതുക്കുകയും ചെയ്യട്ടെ. സഹദായുടെ മധ്യസ്ഥതയിൽ സഭ വിശുദ്ധിയിൽ ഉറച്ചും, സാക്ഷ്യത്തിൽ ഏകതയോടെ വളരുകയും ചെയ്യട്ടെ.

റാന്നി മോതിരവയലിൽ ക്നാനായ സമുദായത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ഭവനദാന പദ്ധതി കരുണയും കൂട്ടായ്മയും ഒരുമിച്ച് പ്രകാശിക്കുന്ന ഒരു ദൈവിക ദൗത്യമാണ്. സ്വന്തമായി വാസസ്ഥലം ഇല്ലാതെ പ്രയാസപ്പെടുന്ന പ്രിയപ്പെട്ടവർക്കായി സുരക്ഷിതവും മാന്യവും ആത്മാഭിമാനപൂർണ്ണവുമായ ഭവനം ഒരുക്കുക എന്നത് ക്രിസ്തുവിന്റെ സ്നേഹസന്ദേശത്തെ ജീവിതത്തിൽ പ്രതിഫലിപ്പിക്കുന്ന ഏറ്റവും മനോഹരമായ രൂപമാണ്. ഈ പുണ്യ പ്രവർത്തനം സമുദായത്തിന്റെ മുഴുവൻ ഹൃദയസ്പന്ദനമായതിനാൽ, പദ്ധതിയുടെ വിജയത്തിനായി ഓരോ വിശ്വാസിയുടെയും ഹൃദയപൂർവ്വമായ സാമ്പത്തിക സഹകരണം അത്യന്താപേക്ഷിതമാണ്. ഓരോ ചെറിയ സംഭാവനയും ഒരുമിച്ചു ചേർന്നാൽ, ഭവനരഹിതത്വത്തിന്റെ ഇരുളിനെ നീക്കി പ്രത്യാശയുടെ പ്രകാശം തെളിക്കാൻ നമുക്ക് സാധിക്കും.

**വേദനയും പീഡനവും നിറഞ്ഞ സാഹചര്യങ്ങളിലും ക്രിസ്തുവിന്റെ സത്യത്തിൽ നിന്ന് പിന്മാറാതിരുന്ന അദ്ദേഹത്തിന്റെ ജീവിതം ഇന്നത്തെ വിശ്വാസികൾക്ക് പ്രത്യാശയുടെയും ധൈര്യത്തിന്റെയും ദീപസ്തംഭമായി നിലകൊള്ളുന്നു.**

ക്നാനായ യൂത്ത് അസ്സോസിയേഷന്റെ (KYA) പുനർജീവനം ഇന്ന് സഭയുടെ ഭാവിയെയും വളർച്ചയെയും നേരിട്ട് സ്പർശിക്കുന്ന അത്യന്താപേക്ഷിതമായ ആത്മീയ- സാമൂഹിക ആവശ്യമായി മാറിയിരിക്കുന്നു. സഭയുടെ പ്രത്യാശയായ യുവജനങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കുകയും, ക്നാനായ പാരമ്പര്യത്തിന്റെ മൂല്യങ്ങളിൽ ആഴപ്പെടുത്തി വളർത്തുകയും ചെയ്യുന്നതിൽ യൂത്ത് അസ്സോസിയേഷൻ നിർണ്ണായകമായ പങ്ക് വഹിക്കുന്നു. യുവജനങ്ങൾ ഒരുമിച്ചുചേരുന്ന, അവരുടെ കഴിവുകളും ക്രിയാത്മകതയും വിശ്വാസജീവിതത്തിൽ ഉൾക്കൊള്ളുന്ന ഒരു ജീവൻ പകരുന്ന വേദിയായി അത് വീണ്ടും ശക്തിപ്പെടേണ്ടതാണ്. പ്രാർത്ഥന, സേവനം, പഠനം, സാമൂഹിക പ്രവർത്തനം എന്നിവയുടെ കേന്ദ്രമായി യൂത്ത് അസ്സോസിയേഷൻ മാറുമ്പോൾ മാത്രമേ സഭയുടെ ആത്മീയ വളർച്ചയ്ക്കും സമൂഹത്തിന്റെ ശക്തിക്കും അത് ഫലപ്രദമായ സംഭാവന നൽകാൻ കഴിയൂ. അതിനാൽ എല്ലാ ഇടവകകളിലും യൂത്ത് അസ്സോസിയേഷൻ പുനഃസംഘടിപ്പിക്കുകയും, യുവജനങ്ങളെ ആകർഷിക്കുന്ന സജീവ പ്രവർത്തനങ്ങളിലൂടെ അത് വീണ്ടും ജ്വലിപ്പിക്കുകയും ചെയ്യേണ്ടത് കാലത്തിന്റെ ആവശ്യമാകുന്നു. യുവജനങ്ങളുടെ ഉത്സാഹവും വിശ്വാസത്തിന്റെ തീ ജ്വാലയും ഒന്നിച്ചു ചേർന്നാൽ, സഭയ്ക്ക് പുതിയ ദിശാബോധവും ശക്തിയും ഉറപ്പായി ലഭിക്കും.

കർത്തൃ ശുശ്രൂഷയിൽ

**മോർ സേവേറിയോസ് കുറിയാക്കോസ്**

**ക്നാനായ സമുദായ മെത്രാപ്പോലീത്ത**

---

***എഡിറ്റോറിയൽ***

*(പേജ് 4 തുടർച്ച)*

തർക്കങ്ങൾക്ക് അടിസ്ഥാനം 'വിശ്വാസപരം' അല്ല എന്നുള്ളത് വ്യക്തമാണ്. സഭയിൽ ഇന്നും നടക്കുന്ന വ്യവഹാരങ്ങൾ, തർക്കങ്ങൾ ഇവനിമിത്തം സഭാമക്കൾ സമൂഹത്തിന്റെ മുമ്പിലും മറ്റ് ക്രൈസ്തവരുടെ മുമ്പിലും അപഹാസ്യരും നിന്ദിതരുമായിത്തീർന്നിരിക്കുന്നു. രണ്ടു വിഭാഗങ്ങളും കോടികൾ ദുർവ്യയം ചെയ്തു വ്യവഹാരങ്ങൾ നടത്തുമ്പോൾ സഭയുടെ പോക്ക് എങ്ങോട്ട് എന്ന ചോദ്യം ഉയരുന്നു. എന്റെ ആലയം പ്രാർത്ഥനാലയം എന്ന് വിളിക്കപ്പെടണമെന്ന് തമ്പുരാൻ ആഗ്രഹിക്കുമ്പോൾ നമ്മൾ അതിനെ കള്ളന്മാരുടെ ഗുഹയാക്കി തീർത്തിരിക്കുന്നത് ദൈവം പൊറുക്കുമോ. നിർത്തിക്കൂടെ ഈ വ്യവഹാരങ്ങളും തർക്കങ്ങളും. ഓരോ ദിവസവും 100 കണക്കിന് സഭാമക്കൾ മദ്യത്തിനും മയക്കുമരുന്നിനും അടിമകളാകുന്നു. പലരും പള്ളിയിൽ വരാതെ സഭ വിട്ടുപോകുന്നു. അനേകർ നിരീശ്വരന്മാരായിത്തീരുന്നു. പ്രിയ സഭാപിതാക്കമാരേ, നിങ്ങൾ ഇതു കാണുന്നില്ലേ? ഒരു മണിക്കൂർ കോടതിയിൽ വാദിക്കുവാൻ 2 ലക്ഷം രൂപ മുടക്കുന്ന പിതാക്കന്മാരേ, ഒരു നേരത്തേ മരുന്നു വാങ്ങാൻ ഭാരപ്പെടുന്ന സഹജീവികളെ നിങ്ങൾ കാണുന്നില്ലേ? സഭാവഴക്കിന്റെ പേരിൽ നിന്ദിതരും അപമാനിതരുമാകുന്ന സഭാമക്കളെ നിങ്ങൾ കാണുന്നില്ലേ? നിങ്ങൾ സ്ഥാനമാനങ്ങൾക്കുവേണ്ടിയും സഭാസ്വത്തുക്കൾക്കു വേണ്ടിയും തമ്മിൽ തല്ലുന്നത് ദൈവം ഒരിക്കലും പൊറുക്കുകയില്ല.

ചെയ്യേണ്ടവർ ചെയ്യേണ്ട കാര്യം ചെയ്യേണ്ട സമയത്ത് ചെയ്യേണ്ടതുപോലെ ചെയ്യണം സഭയ്ക്ക് കാൻസർ പിടിപെട്ടിരിക്കുന്നു. ആർക്ക് ദുഃഖം! നമുക്ക് പ്രാർത്ഥിക്കാം. ദൈവം പ്രവർത്തിക്കട്ടെ.

**എന്ന്**

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# സമുദായ വാർത്തകൾ



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടരെ,

ഓതറ നസ്രേത്ത് കോളേജ് ഓഫ് ഫാർമസിയിലെ 2026-ലെ ബിരുദദാന ചടങ്ങ് (Graduation Ceremony 2026) കോളേജ് കാമ്പസിൽ വെച്ച് പ്രൗഢഗംഭീരമായി നടന്നു. ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്തയും നസ്രേത്ത് കോളേജ് ഓഫ് ഫാർമസി പ്രസിഡന്റുമായ ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് ചടങ്ങ് ഉദ്ഘാടനം ചെയ്യുകയും മുൻ ഇന്ത്യൻ നയതന്ത്രജ്ഞനും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുൻ മേധാവി യുമായ റ്റി.പി. ശ്രീനിവാസൻ (IFS) മുഖ്യ പ്രഭാഷണം നട ത്തുകയും ചെയ്തു. മാനേജർ ഇ.കെ. സണ്ണി ഇടയാടിയിൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വെച്ച് ക്നാനായ സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ അവാർഡ് ദാനം നിർവഹിച്ചു. കോളേജ് സെക്രട്ടറി പി.എ. ഏബ്രഹാം കുഴി കണ്ടത്തിൽ, അസ്സോസിയേഷൻ പ്രസിഡന്റ് ഫാ. വി.എ. ഏബ്രഹാം ഇളയശ്ശേരിൽ, വൈദികട്രസ്റ്റി ഫാ.എം.സി. സക്കറിയ മധുരംകോട്ട്, നസ്രേത്ത് ആശ്രമം സെക്രട്ടറി ടി. കെ. കുര്യൻ, ഗവേണിംഗ് ബോർഡ് അംഗം ബൈജുമോൻ ചാക്കോ പുലയകുന്നിൽ, പി.കെ. കുര്യൻ പാട്ടമ്പലം, ടോണി കുറിയാക്കോസ് അട്ടച്ചിറയിൽ, പ്രൊഫ. ബേബി ഏബ്രഹാം പുളിക്കാവിൽ, കോളേജ് പ്രിൻസിപ്പൽ ഡോ. എൽസി ഏബ്രഹാം എന്നിവർ ആശംസകൾ അർപ്പിച്ചു. തുടർന്ന് അസ്സോസിയേറ്റ് പ്രൊഫ. ഡോ. ജയകുമാർ കെ.എസ്. വിദ്യാർത്ഥികൾക്ക് പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുക്കു കയും, ചടങ്ങിൽ വെച്ച് ബിരുദ സർട്ടിഫിക്കറ്റുകളും വിഷ്ണു സുലേഖൻ മെമ്മോറിയൽ ക്യാഷ് അവാർഡും വിതരണം ചെയ്യുകയും ചെയ്തു. പ്രൊഫസറും എച്ച്. ഒ. ഡി. യുമായ ഡോ. ജിജു വി. നന്ദി പ്രകാശിപ്പിച്ച ചടങ്ങുകൾ കോളേജ് കൊയറിന്റെ പ്രാർത്ഥനാ ഗാനത്തോടെ ആരംഭിച്ച് ദേശീയ ഗാനത്തോടെ സമാപിച്ചു.

ക്നാനായ സമുദായത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത ഗീവർഗീസ് മോർ സേവേറിയോസ് തിരുമേനിയുടെ 99-ാമത് ശ്രാദ്ധപെരുന്നാൾ അനുസ്മരണ സമ്മേളനവും ചരമ ശ താബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനവും തിരുമേനി കബറ ടങ്ങിയിരിക്കുന്ന കോട്ടയം വലിയ പള്ളിയിൽ വെച്ച് പ്രൗഢ ഗംഭീരമായി നടന്നു. ക്നാനായ സമുദായ വലിയ മെത്രാ പ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേ റിയോസ് ചടങ്ങുകളുടെ ഉദ്ഘാടനം നിർവഹിച്ചു. വലിയ പള്ളി വികാരി റവ. ഫാ. നോബിൻ തോമസ് ഇളകുറ്റൂർ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ, കേരള സംസ്ഥാന മുൻ ചീഫ് സെക്രട്ടറി ഡോ. ജിജി തോംസൺ ഐ.എ.എസ്. മുഖ്യപ്രഭാഷണം നടത്തുകയും 'ഗീവർഗീസ് മോർ സേവേ റിയോസ് മെറിറ്റ് അവാർഡ്' വിതരണം ചെയ്യുകയും ചെയ്തു.

ചരമ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി വനിത കൾക്കായുള്ള ക്വിസ് മത്സരവും മുതിർന്ന പൗരന്മാർക്കാ യുള്ള മോട്ടിവേഷൻ ക്ലാസും ഉണ്ടായിരുന്നു.

നിലയ്ക്കൽ സെന്റ് തോമസ് ദൈവാലയത്തിൽ മാർത്തോമാ ശ്ലീഹായുടെ ദുഃഖറോനോ പെരുന്നാളിനോട് അനുബന്ധിച്ച് സംഘടിപ്പിച്ച സമ്മേളനവും 'ജനകീയ കൂട്ടാ യ്മയിൽ ജനവാസ കേന്ദ്രങ്ങളിലെ വന്യജീവി ശല്യത്തിന് ശാശ്വത പരിഹാരം' എന്ന വിഷയത്തിലുള്ള ചർച്ചയും ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്താ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്തു. കോന്നി എം.എൽ.എ. അഡ്വ. കെ.യു. ജനീഷ് കുമാർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അഡ്വ. പഴകുളം മധു മുഖ്യാതിഥിയായിരുന്നു. സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, വെരി. റവ. ജോൺസൺ കല്ലിട്ട തിൽ കോർ -എപ്പിസ്കോപ്പാ, നിലയ്ക്കൽ ട്രസ്റ്റ് അഡ്മിനി സ്ട്രേറ്റർ ഫാ. ഷൈജു മാത്യു OIC എന്നിവർ പ്രസംഗിച്ചു. നിലയ്ക്കൽ ട്രസ്റ്റ് അംഗങ്ങളായ തോമസുകുട്ടി തേവരുമു റിയിൽ, മനേഷ് കണ്ണന്താനം, ക്നാനായ കമ്മിറ്റി അംഗങ്ങ ളായ സാബു കണ്ണാടിപ്പുഴ, സജി താന്നിക്കൽ, ലിനു വരാ ത്തറ, റാന്നി ഫോറസ്റ്റ് റേഞ്ച് ഓഫീസർ ജയൻ, സീത ത്തോട് പഞ്ചായത്ത് പ്രസിഡന്റ് ലേഖ സുരേഷ് എന്നിവർ ചടങ്ങിൽ ആശംസകൾ അർപ്പിച്ചു.

**സമുദായത്തിലെ കേസിന്റെ തുടക്കം**

സമുദായ മെത്രാപ്പാലീത്താ, കാനഡയിൽനിന്നും തിരികെ വന്ന സമുദായത്തിലെ ഒരു വൈദികനെ സ്ഥലം മാറ്റിയതിനെതിരെ റാന്നിയിലെ സഹായ മെത്രാച്ചൻ പാത്രി യർക്കീസ് ബാവായ്ക്ക് നൽകിയ ഒരു പരാതിയുടെ (പെറ്റീ ഷൻ) അടിസ്ഥാനത്തിലാണ് ക്നാനായ സമുദായ മെത്രാ പ്പോലീത്തയുടെ രണ്ട് സ്ഥാനങ്ങൾ നീക്കിയത്. അതു പോലെ തന്നെ, ഓർത്തഡോക്സ് സഭയുടെ കാതോലിക്കാ ബാവ മാർ അപ്രേം സെമിനാരി സന്ദർശിച്ചു എന്ന തികച്ചും ബാലിശമായ മറ്റൊരു കാരണം മുൻനിർത്തി 2024 മെയ് മാസം 17-ാം തീയതി ക്നാനായ സമുദായ മെത്രാപ്പോലീ ത്തായെ പരി. പാത്രിയർക്കീസ്ബാവ അകാരണമായി സസ്പെൻഡ് ചെയ്യുകയും മെയ് മാസം 18-ാം തീയതി കോട്ടയം മുൻസിഫ് കോടതി ആ കല്പന സ്റ്റേ ചെയ്യുകയും ഇതു സംബന്ധിച്ച് കോട്ടയം മുൻസിഫ് കോടതിയിൽ വളരെ നാളുകളിലെ കേസ് നടപടികൾക്കുശേഷം താൽക്കാലിക സ്റ്റേ തീർപ്പ് കല്പിച്ച വിധി ഉണ്ടാകുകയും ആയതിന് പാത്രി യർക്കീസ് ബാവ ജില്ലാ കോടതിയിൽ അപ്പീൽ കൊടുക്കു കയും അവിടെയും മാസങ്ങൾ എടുത്ത വാദത്തിനുശേഷം മുൻസിഫ് കോടതിയുടെ വിധി ജില്ലാക്കോടതി സ്ഥിരപ്പെടു ത്തുകയും ചെയ്തു. വീണ്ടും പാത്രിയർക്കീസ് ബാവ ഹൈക്കോടതിയിൽ അപ്പീൽ കൊടുക്കുകയും അവിടെ ദീർഘമായ വാദത്തിനുശേഷം താഴത്തെ രണ്ട് കോടതിക ളുടെയും വിധികൾ ബഹു. കേരളാ ഹൈക്കോടതി ശരിവ യ്ക്കുകയും ചെയ്തു. കേരള ഹൈക്കോടതി ഉത്തരവ് ശരി വച്ച കേസ് പിന്നീട് സഹായ മെത്രാന്മാർ സുപ്രീംകോടതി യിലേക്ക് കൊണ്ടുപോകുകയും, സുപ്രീംകോടതി ഇടക്കാല

സ്റ്റേ നിലനിർത്തിക്കൊണ്ട് തന്നെ കേസ് പുനഃപരിശോധനയ്ക്കായി വീണ്ടും കേരള ഹൈക്കോടതിയിലേക്ക് റിമാൻഡ് ചെയ്യുകയും (തിരിച്ചയക്കുകയും) ചെയ്തിരിക്കുകായണ്. നിലവിൽ ഈ വിഷയത്തിന്മേലുള്ള അന്തിമ വാദപ്രതിവാദങ്ങൾ കേരള ഹൈക്കോടതിയിൽ നടന്നു വരികയാണ്. കേസിൽ കൂടി സമുദായത്തിന് ദോഷം വരാതിരിക്കുവാൻ എല്ലാവരും പ്രാർത്ഥിക്കണം.

**സമാധാനശ്രമം**

ക്നാനായ സമുദായത്തിലെ സഹായ മെത്രാന്മാർക്ക് അധികാരങ്ങൾ നിശ്ചയിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി യാക്കോബായ സഭയുടെ കാതോലിക്കാ ബാവായുമായി സമുദായ നേതൃത്വം കൂടിക്കാഴ്ച നടത്തിയെങ്കിലും അത് ഫലപ്രദമായില്ല എന്നത് ഖേദകരമാണ്. അതിലുപരി, പരിശുദ്ധ പാത്രിയർക്കീസ് ബാവാ മഞ്ഞനിക്കരയിൽ എത്തി 10 ദിവസത്തോളം താമസിച്ചിട്ടും സമുദായ മെത്രാപ്പോലീത്തായെ കാണുവാൻ പോലും ആഗ്രഹം പ്രകടിപ്പിച്ചില്ല എന്ന വസ്തുതയും ഏറെ ശ്രദ്ധേയമാണ്. സമുദായ മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ സമാധാനപരമായ ഒരു അനുരഞ്ജനത്തിനായി 10 വൈദികരെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ, ഇതുമായി ബന്ധപ്പെട്ട ആഭ്യന്തര രേഖകൾ സഹായ മെത്രാച്ചന്മാർ നിലവിൽ കേരള ഹൈക്കോടതിയിൽ നടന്നുകൊണ്ടിരിക്കുന്ന കേസിൽ ഹാജരാക്കുകയാണ് ചെയ്തത്. ഇത് അങ്ങേയറ്റം തെറ്റായ ഒരു നടപടിയാണ്. അവർക്ക് പ്രശ്നപരിഹാരത്തിനോ അനുരഞ്ജനത്തിനോ യാതൊരുവിധ താല്പര്യവുമില്ല എന്നുവേണം ഇതിലൂടെ മനസ്സിലാക്കുവാൻ. സമുദായ ഭരണഘടനയുമായി ബന്ധപ്പെട്ട തർക്കങ്ങളും, സമുദായ മെത്രാപ്പോലീത്തായ്ക്കെതിരെ ഏർപ്പെടുത്തിയ സസ്പെൻഷനും, നിലവിൽ സമുദായത്തിന് എതിരെ കൊടുത്തിരിക്കുന്ന മുഴുവൻ കേസുകളും പൂർണ്ണമായി പിൻവലിക്കാതെ ഇത്തരം ചർച്ചകൾ ഒന്നിനും ഒരു പരിഹാരമാകില്ല എന്ന് വ്യക്തമാകുന്നു. ക്നാനായ സമുദായ മെത്രാപ്പോലീത്ത മേഖകൾ പിരിച്ചുവിട്ടതായി കല്പനയും വളരെ നേരത്തെ തന്നെ ഇറക്കിക്കഴിഞ്ഞു. ഇനിയും മേഖലകൾ പുന:സ്ഥാപിക്കണമെങ്കിൽ അസ്സോസിയേഷനിൽ മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോടുകൂടി വേണം പുന:സ്ഥാപിക്കുവാൻ. അങ്ങനെ ധാരാളം കടമ്പകൾ കടക്കേണ്ടത് ആയിട്ടുണ്ട്. ചർച്ചകൾക്ക് എതിരാണ് ക്നാനായ കമ്മിറ്റി എന്ന് വരുത്തിത്തീർക്കുന്നതിനുവേണ്ടി ചില ശ്രമങ്ങൾ നടക്കുന്നുണ്ട്. ചർച്ചകൾ എല്ലാം ആരംഭിച്ചതും ഇതിനുവേണ്ടി പ്രയത്നിച്ചതും ക്നാനായ കമ്മിറ്റി തന്നെയാണ്. ക്നാനായ ഭരണഘടനയുടെ ഉള്ളിൽ നിന്നുകൊണ്ട് സഹായമെത്രാന്മാർക്ക് അസ്സോസിയേഷൻ തീരുമാനിക്കുന്ന അധികാര അവകാശങ്ങൾ കൊടുക്കുവാൻ ഞങ്ങൾ തയ്യാറാണ്. അല്ലാതെ ഞങ്ങൾക്ക് മാത്രമായി ഒരു കാര്യവും ചെയ്യുവാൻ ഭരണഘടന പ്രകാരം അനുവാദമില്ല എന്നുള്ള കാര്യം എല്ലാവരെയും അറിയിക്കുന്നു.

പ്രിയപ്പെട്ടവരേ, സേവേറിയോസ് ഹൗസിംഗ് പ്രോജക്റ്റിലെ രണ്ട് ഭവനങ്ങളുടെ പണി പൂർത്തിയാകുകയും, മൂന്ന് ഭവനങ്ങളുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. ഇവ കൂടി പൂർത്തിയാകുമ്പോൾ ആകെ 5 ഭവനങ്ങൾ സജ്ജമാകും. ഈ കാരുണ്യ പ്രവൃത്തിക്കുവേണ്ടി നമ്മെ സഹായിച്ച സ്പോൺസർമാർ ശ്രീ. ബാബു പട്ടുകാലായും കുടുംബവും (ബഹ്റിൻ) സെന്റ് മേരീസ് ക്നാനായ പള്ളി, ഹാർട്ട്ഫോർഡ് (അമേരിക്ക) ശ്രീ. മർക്കോസ് ചെറിയാൻ, മാന്നാർ മാലിയിൽ (കാനഡ) ക്നാനായ അസ്സോസിയേഷൻ വാട്സാപ്പ് കൂട്ടായ്മ, സെന്റ്മേരീസ് ക്നാനായ ദൈവാലയം, ഫിലാഡൽഫിയ (അമേരിക്ക), ഇതുകൂടാതെ, അമേരിക്കയിലെ ഹൂസ്റ്റൺ സെന്റ് ജയിംസ് ക്നാനായ ദൈവാലയം ഒരു ഭവനവും, ഹൂസ്റ്റൺ സെന്റ് ജെയിംസ് ദൈവാലയത്തിലെ പേര് വെളിപ്പെടുത്താൻ താല്പര്യമില്ലാത്ത ഒരു മാന്യ വ്യക്തി മറ്റൊരു ഭവനവും വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്. ഈ പ്രോജക്റ്റുമായി സഹകരിച്ച വാട്സാപ്പ് കൂട്ടായ്മയിൽ പ്രവർത്തിക്കുന്ന ആളുകൾ ഉൾപ്പെടെ എല്ലാവരോടുമുള്ള നന്ദിയും കടപ്പാടും സ്നേഹവും ഈ അവസരത്തിൽ അറിയിക്കുന്നു.

സമുദായ വലിയ മെത്രാപ്പോലീത്ത സേവേറിയോസ് തിരുമേനിയുടെ പൂർണ്ണമായ അറിവോടെയും അംഗീകാരത്തോടും കൂടി എം.എസ്.ഒ.റ്റി. (MSOT) സെമിനാരിയിൽ വൈദിക പഠനത്തിനായി ചെല്ലുന്ന വിദ്യാർത്ഥികൾക്ക് പ്രവേശനം നിഷേധിക്കുന്ന തരത്തിലുള്ള ഒരു സമീപനമാണ് യാക്കോബായ സഭയുടെ സെമിനാരി അധികൃതരുടെ ഭാഗത്തുനിന്ന് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. സഹായ മെത്രാന്റെ ശുപാർശക്കത്തുമായി എത്തുന്നവർക്ക് മാത്രമേ പ്രവേശനം നൽകുകയുള്ളൂ എന്ന നിലപാടിലാണ് അവരിപ്പോൾ, സമുദായത്തിന്റെ വലിയ മെത്രാപ്പോലീത്തയെ ആത്മാർത്ഥമായി സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഒരു ക്നാനായക്കാരും യക്കോബായ സഭയുടെ ഈ ഏകപക്ഷീയമായ നടപടിയോട് ആഭിമുഖ്യം പുലർത്താൻ സാധിക്കില്ല. ഇത് സമുദായത്തോടുള്ള വ്യക്തമായ അവഗണനയാണ്. ക്നാനായ കമ്മിറ്റി അംഗം രാജു ചരിവുപറമ്പിൽ (വളപ്പുരക്കൽ) കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. സഹോദരതുല്യം ഞങ്ങൾ സ്നേഹിച്ചിരുന്ന, ക്നാനായ കമ്മിറ്റിയിൽ തോളോട് തോൾ ചേർന്ന് പ്രവർത്തിച്ചുകൊണ്ടിരുന്ന അദ്ദേഹത്തിന്റെ ഈ വേർപാട് സമുദായത്തിന് തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ നിര്യാണത്തിലുള്ള അതീവ ദുഃഖവും വേദനയും അറിയിക്കുന്നു. വേർപാടിൽ തളർന്ന അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്ക് ദൈവംതമ്പുരാൻ ആശ്വാസം നൽകട്ടെ എന്നും, അദ്ദേഹത്തിന്റെ ആത്മാവിനെ ദൈവം തന്റെ തിരുക്കരങ്ങളിൽ ചേർത്തുപിടിച്ച് നിത്യശാന്തി നൽകട്ടെ എന്നും പ്രാർത്ഥിക്കുന്നു.

അമേരിക്കയിൽ ക്നാനായ സമുദായത്തിന്റെ ഔദ്യോഗിക അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന വിഘടിത ദൈവാലയങ്ങളിലെ ശുശ്രൂഷകളിൽ പങ്കുചേരുന്ന സമുദായംഗങ്ങൾ, എത്രയും വേഗം തങ്ങളുടെ മാതൃ ഇടവകകളിൽ (ക്നാനായ സമുദായ ദൈവാലയങ്ങളിൽ) മെമ്പർഷിപ്പ് എടുക്കേണ്ടതാണെന്ന ക്നാനായ അസ്സോസിയേഷന്റെ തീരുമാനം ഇതിനാൽ അറിയിക്കുന്നു. ഇപ്രകാരം തിരികെ വരാൻ താല്പര്യപ്പെടാത്തവർക്കെതിരെ, അടുത്തതായി കൂടുന്ന ക്നാനായ അസ്സോസിയേഷനിൽ ഭരണഘടനാപരമായ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടി വരുമെന്ന കാര്യം അത്യധികം ഖേദത്തോടെ സമുദായംഗങ്ങളെ ഓർമ്മിപ്പിക്കുന്നു.

എന്ന്,

**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**

സമുദായ സെക്രട്ടറി

# ക്നാനായ സമുദായത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ഗീവർഗീസ് മോർ സേവേറിയോസ് തിരുമേനിയുടെ ശ്രാദ്ധപ്പെരുന്നാളും ചരമശതാബ്ദി ഉദ്ഘാടനവും

ക്നാനായ സമുദായത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ഗീവർഗീസ് മോർ സേവേറിയോസ് തിരുമേനിയുടെ 99-ാമത് ശ്രാദ്ധപ്പെരുന്നാളും, ചരമ ശതാബ്ദി ഉദ്ഘാടനവും 2026 ജൂൺ 7,8, 9 തീയതികളിൽ വന്ദ്യപിതാവ് കബറടങ്ങിയിരിക്കുന്ന കോട്ടയം വലിയ പള്ളിയിൽ ഭക്ത്യാദരപൂർവ്വം ആചരിച്ചു.

കാലത്തിനുമുമ്പേ വഴികാട്ടി നടന്ന ആത്മീയാചാര്യൻ ആയിരുന്നു പുണ്യശ്ളോകനായ ഗീവർഗീസ് മോർ സേവേറിയോസ് തിരുമേനി. സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിൽ എന്നപോലെ വിദ്യാഭ്യാസമേഖലയിലും അദ്ദേഹം നൽകിയ സേവനങ്ങൾ എക്കാലവും സ്മരിക്കപ്പെടുന്നു. അദ്ദേഹം 1922 ൽ ആവിഷ്ക്കരിച്ച മോർ സേവേറിയോസ് എഡ്യൂക്കേഷണൽ ഫണ്ട് ആയിരക്കണക്കിന് വിദ്യാർത്ഥികൾക്കാണ് ആശാദീപമായിക്കൊണ്ടിരിക്കുന്നത്.പഠനത്തിൽ മികവ് തെളിയിക്കുന്ന കുട്ടികളെ അംഗീകരിക്കുകയും ആശീർവദിക്കുകയും ചെയ്യേണ്ടത് സമൂഹത്തിന്റെ കടമയാണെന്ന് അദ്ദേഹം എക്കാലവും ഉദ്ബോധിപ്പിച്ചിരുന്നു.

പുണ്യ ശ്ളോകനായ ഗീവർഗീസ്മോർ സേവേറിയോസ് തിരുമേനിയുടെ സന്ദേശം ഉൾക്കൊണ്ട് തിരുമേനിയുടെ ശ്രാദ്ധപ്പെരുന്നാളിനോടനുബന്ധിച്ച് സമുദായ അടിസ്ഥാനത്തിൽ പഠനത്തിൽ മികവുതെളിയിച്ച വിദ്യാർത്ഥികളെ അനുമോദിക്കാനും അവർക്ക് പ്രചോദനം ലഭിക്കുന്നതിനുമായി മോർ സേവേറിയോസ് എജ്യൂക്കേഷണൽ അവാർഡ് ഏർപ്പെടുത്തി.

ജൂൺ 7 ന് ഞായറാഴ്ച്ച കുർബാനയെ തുടർന്ന് ഭദ്രാസന സെക്രട്ടറി ഫാദർ നോബിൻ തോമസ് ഇളകുറ്റൂരിന്റെ അധ്യക്ഷതയിൽ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്താ ആർച്ച് ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് അനുസ്മരണസമ്മേളനം ഉദ്ഘാടനം ചെയ്തു.കേരള സംസ്ഥാന മുൻ ചീഫ് സെക്രട്ടറി ഡോ. ജിജി തോംസൺ ഐ.എ.എസ്. മുഖ്യപ്രഭാഷണം നടത്തി.സമുദായ സെക്രട്ടറി ടി.ഒ. ഏബ്രഹാം തോട്ടത്തിൽ, സമുദായ ട്രസ്റ്റി ടി.സി. തോമസ് തോപ്പിൽ,സെന്റ് ജോർജ് കുരിശുപള്ളി പ്രീസ്റ്റ് ഇൻ ചാർജ് ഫാ. ലിബിൻ ഏബ്രഹാം കന്നാക്കുഴി, നസ്രത്ത് ഫാർമസി കോളേജ് സെക്രട്ടറി പി. എ. ഏബ്രഹാം കുഴിക്കണ്ടത്തിൽ, ജനറൽ കൺവീനർ ജേക്കബ് പണിക്കർ,ട്രസ്റ്റി കെ.എ. തോമസ് അമ്പുരാൻ, സെക്രട്ടറി ജേക്കബ് സാജ് കപ്യാരുപറമ്പിൽ, രാജു ജോസഫ് മണലേൽ ചിറ, എന്നിവർ അനുസ്മരണപ്രസംഗങ്ങൾ നടത്തി. തുടർന്ന് സമുദായാടിസ്ഥാനത്തിൽ പത്താം ക്ളാസ്സിൽ എ പ്ളസ് നേടിയവർക്കും പ്ളസ്ടുവിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കും അവാർഡുകൾ വിതരണം ചെയ്തു.

ജൂൺ 8നു 2.30 ന് വനിതകൾക്കായി സമുദായ അടിസ്ഥാനത്തിൽ മലങ്കര സുറിയാനി ക്നാനായ വിമൻസ് അസ്സോസിയേഷനുമായി സഹകരിച്ച് (1)ഗീവർഗീസ് മോർ സേവേറിയോസ് തിരുമേനിയും ക്നാനായ സമുദായവും (2)പൗരോഹിത്യം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തി. വിമൻസ് അസ്സോസിയേഷന്റെ ചിങ്ങവനം മേഖല അദ്ധ്യക്ഷൻ ഫാ. ജേക്കബ്കുട്ടി കല്ലുകുളത്തിന്റെ നേതൃത്വത്തിൽ മണർകാട് സെന്റ് മേരീസ് കത്തീഡൽ അസ്സിസ്റ്റന്റ് വികാരി ഫാ.കുര്യൻ വടക്കേപറമ്പിൽ ആണ് ക്വിസ് മത്സരം നടത്തിയത്. റവ. ഫാ. മാത്യുഉതുപ്പാൻ ചെറുകരേത്ത്, റവ. ഫാ. സിജിൽ ജോസ് വിലങ്ങൻ പാറ എന്നിവർ ആശംസകൾ അറിയിച്ച് സംസാരിച്ചു. ഷിനോ ജോസഫ് കല്ലൂർ തുണ്ടിയിൽ, സാബുഫിലിപ്പ് ഇടവഴിയ്ക്കൽ എന്നിവർ കോർഡിനേറ്റ് ചെയ്തു.

**ക്വിസ് മത്സരം**

**ഒന്നാം സ്ഥാനം**

ലീലാമ്മതോമസ്

മഞ്ജു മാത്യു(സെന്റ് മേരീസ് ചർച്ച് മഴുക്കീർ)

**രണ്ടാം സ്ഥാനം** -ബിജിതോമസ്, കെസിയ സജി(കോട്ടയം വലിയപള്ളി)

**മൂന്നാം സ്ഥാനം**

നിഷ മർഫി

മെൽനാ മർഫി

(മാർ ഇഗ്ന്യാത്ത്യാസ് ചർച്ച് കുറിച്ചി)എന്നിവർ നേടി.

ജൂൺ 9 ന് ചൊവ്വാഴ്ച്ച 2.30ന് മുതിർന്ന പൗരന്മാരുടെ ജീവിതം ആഹ്ളാദകരവും ഊർജ്ജസ്വലവും ആഘോഷപൂർണ്ണവുമാക്കുന്നതിനുള്ള'സഫലമീ ജീവിതം' മോട്ടിവേഷൻ ക്ളാസ്സ് ലിവിംഗ് ലീഫ്ഡയറക്ടർ ഏബ്രഹാം കുര്യൻ നടത്തി. സാബു ജേക്കബ് ചിറയിൽ, രൂപേഷ് ബേബി പെരുമ്പള്ളിപ്പറമ്പിൽ, എന്നിവരായിരുന്നു കോർഡിനേറ്റർമാർ.

ജൂൺ 10 ന് ബുധനാഴ്ച്ച 6 മണിക്ക് സന്ധ്യാപ്രാർത്ഥനയ്ക്ക് സമുദായ മെത്രാപ്പോലീത്തായും മുളമൂട്ടിൽ റോയി മാത്യുകോറെപ്പിസ്കോപ്പായും 25ൽ പരം വൈദികരും പങ്കെടുത്തു.

ജൂൺ 11 ന് വ്യാഴാഴ്ച്ച 8 ന് ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്താ ആർച്ച് ബിഷപ്പ് അഭി:കുറിയാക്കോസ് മാർ സേവേറിയോസ് തിരുമേനിയോടുള്ള മധ്യസ്ഥ പ്രാർത്ഥനയുടെ ഓഡിയോ പ്രകാശനം ബഹു. കേരള നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവഹിച്ചു. ഷൈൻ. സി.ജോസ് ചെങ്ങളവൻ മധ്യസ്ഥ പ്രാർത്ഥന ഓഡിയോ പ്രകാശനം കോർഡിനേറ്റ് ചെയ്തു. ●

# ഏതൊന്നിനെ അറിയുന്നതിൽക്കൂടി എല്ലാം അറിയുന്നു

സണ്ണി ജേക്കബ്, കാട്ടുവേലിൽ

നിങ്ങൾക്ക് ഈ പ്രപഞ്ചത്തിലെ എന്തിനെക്കുറിച്ചും സംശയിക്കാം. ഉദാഹരണം ഈ ഭൂമി ഉരുണ്ടതാണോ, പരന്നതാണോ? അങ്ങനെ എന്തും. ഒരു വിഷയത്തെക്കുറിച്ച് അപൂർണ്ണമായ വിവരങ്ങൾ മാത്രമേ അറിയുന്നുള്ളു എങ്കിൽ അറിയാത്ത ഭാഗത്തിന്റെ വ്യക്തതയ്ക്കായി മനസ്സ് ആഗ്രഹിക്കും. അവ്യക്തമായ സാഹചര്യം ആ വിഷയത്തെക്കുറിച്ചുള്ള സംശയം ഉളവാക്കും. നിങ്ങളുടെ എല്ലാ ചോദ്യങ്ങൾക്കും ശാസ്ത്രം ഉത്തരം നൽകിയെന്നു വരികയില്ല. അത്തരത്തിൽ നിങ്ങൾക്ക് നിങ്ങളുടെ ആത്മാവിനെക്കുറിച്ചും സംശയിക്കാം. ആത്മാവ് ഉണ്ടോയെന്ന് ചോദിച്ചാൽ ശാസ്ത്രത്തിൽ തെളിയിക്കാൻ സാധിക്കുകയില്ല. എന്നാൽ നിങ്ങൾക്ക്, നിങ്ങളുടെ ബോധത്തെക്കുറിച്ചു സംശയിക്കുവാൻ സാധിക്കുകയില്ല. കാരണം; നിങ്ങൾ സംശയിക്കുന്നത് നിങ്ങളുടെ ബോധത്തിൽ ആണ്. ബോധം സ്വയം വെളിപ്പെടുത്തുന്നതും ആണ്. ആയതിനാൽ ആ ബോധത്തെ സംശയിക്കുവാൻ നിങ്ങൾക്ക് സാധിക്കുകയില്ല. എല്ലാ മനുഷ്യനിലും ബോധം ഉണ്ട്. മനുഷ്യന്റെ മനസ്സ് പ്രവർത്തിക്കുന്നത് ബോധത്തിന്റെ അടിസ്ഥാനത്തിലാണ്.

മനുഷ്യന്റെ മനസ്സും, ബോധവും ശരീരവും ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. ഏതൊരു വിഷയവും/ചിന്തയും വരുന്നത് മനസ്സിൽ ആണ്. മനസ്സിൽ വരുന്ന ചിന്ത/വിഷയം, ബുദ്ധി ഇന്ദ്രിയങ്ങളിൽകൂടി പ്രവൃത്തിയിൽ വരുത്തുന്നു. അപ്പോൾ ആത്മാവ് ഉണ്ടോയെന്ന സംശയവും വന്നിരിക്കുന്നത് മനസ്സിൽ ആണ്, അങ്ങനെ എങ്കിൽ മനസ്സിന്റെ നിലനിൽപ്പിനെ സംശയിക്കുവാൻ സാധിക്കുകയില്ല. **ആ മനസ്സിന്റെ നിലനില്പ്പിനു കാരണമായതത്രെ ആത്മാവ്.** ശരീരത്തിനും മനസ്സിനും അതീതമായ, ജനനമോ മരണമോ ഇല്ലാത്ത ശാശ്വതമായ ജീവചൈതന്യമാണ് ആത്മാവ്. ബൈബിൾ അടിസ്ഥാനമാക്കി ദൈവം ആത്മാവാകുന്നു. മനുഷ്യനിലെ ആത്മാവ് എന്നത് ദൈവം അവനിലേക്ക് നല്കിയ ജീവശ്വാസമാണ്. ഈ പ്രപഞ്ചത്തിലെ സകല ബോധത്തിനും ഈ തത്വമാണ് ആധാരം ആയിട്ടുള്ളത്. പ്രപഞ്ചവും അതിലുള്ള സകലത്തിന്റെയും രൂപകല്പന ദൈവത്തിന്റേതാണ്. ആദിമ മനുഷ്യൻ ആദാമിന് ദൈവം നൽകിയ ശരീരത്തിന് നാശമുള്ള സ്വഭാവം ആയിരുന്നു. എന്നാൽ ആദാമിന്റെ ശരീരത്തിന്റെ നിലനിൽപ്പിനു കാരണമാകുന്നത് ദൈവം നൽകുന്ന ശ്വാസം ആണ്. ദൈവം നൽകിയ ശ്വാസം; ദൈവത്തിന്റെ ചൈതന്യം ആദാമിന്റെ ആത്മാവായി. ഈ ബോധത്തിന്റെ തത്വം പ്രപഞ്ചത്തിന്റെ സാർവത്രികം ആകുമ്പോൾ, ഈ പ്രപഞ്ചവും അതിൽ സകലതും നിലനിൽക്കുന്നത് ദൈവീക വ്യവസ്ഥയിൽ ആകുന്നു. അങ്ങനെ ഈ പ്രപഞ്ചത്തെയും അതിൽ സകലത്തെയും സൃഷ്ടിക്കുകയും, പരിപാലിക്കുകയും, നിലനിർത്തുകയും, സകലത്തെയും സൃഷ്ടിക്കുകയും, പരിപാലിക്കുകയും, നിലനിർത്തുകയും, സകല ധാർമ്മികതയുടെയും ഉത്തരവാദിയുമായവൻ ദൈവം. ആത്മാവിന് ഭൗതികമായ ആകൃതിയോ നിറമോ ഇല്ലാത്ത അരൂപിയായ സ്വഭാവം ആണ്. കണ്ണുകൊണ്ട് കാണാനും അളക്കാനും കഴിയുന്ന ഭൗതിക വസ്തുക്കൾക്ക് അപ്പുറമുള്ള അസ്തിത്വം ആണ് ആത്മാവ്. (അതിഭൗതികമായ തത്വചിന്തയുടെ ശാസ്ത്രമാണ്. Metaphysics) മനസ്സ് പ്രപഞ്ചത്തെ മനസ്സിലാക്കുന്നത് ഭൗതിക വസ്തു ആയിട്ടാണ്. ഭൗതിക വസ്തുവായ സകലത്തിനും രൂപം, ആകൃതി, വലിപ്പം, നിറം, ഗന്ധം തുടങ്ങിയ സവിശേഷതകൾ ഉണ്ട്. നിറവും രൂപവും ഇല്ലാത്ത വായുവിനെ അനുഭവത്തിൽകൂടി അറിയുന്നു. ഊർജ്ജത്തെ ശാസ്ത്രത്തിൽ/ അനുഭവത്തിൽ അറിയുന്നു. മനുഷ്യന്റെ മനസ്സും ബുദ്ധിയും ആഴത്തിൽ പരസ്പരം ബന്ധത്തിൽ ആണ്. മനസ്സ് വികാരങ്ങൾ, വിചാരങ്ങൾ, ആഗ്രഹങ്ങൾ, ഇഷ്ടങ്ങൾ, അനിഷ്ടങ്ങൾ എന്നിവയുടെ കേന്ദ്രം ആണ്. അനുഭവങ്ങളെ സ്വീകരിക്കുന്നതും മനസ്സിൽ ആണ്. മനസ്സിന് ചഞ്ചലതയും, ദുർബ്ബലതയും, മാറ്റവും ഉണ്ടാകും. മനസ്സിൽ വരുന്നത് ആത്മീയ ബോധത്തിന്റെ ശോധനയിൽ ശുദ്ധീകരിക്കപ്പെട്ട്, ബുദ്ധി ഇന്ദ്രിയങ്ങളിൽക്കൂടി പ്രവൃത്തിയിൽ വരുത്തുമ്പോൾ; പ്രവൃത്തി ധാർമ്മിക ശുദ്ധി ഉള്ളതായി വരുന്നു.

ആത്മീയത, ഭൗതികതയിൽനിന്നും വ്യത്യസ്തമായ സത്യം ആണ്. ആത്മീയത വ്യക്തിപരമാണ്. സ്വന്തം മനസ്സിനെക്കുറിച്ചുള്ള തിരിച്ചറിവ് നൽകുന്നു. ആത്മീയത മനസ്സിന് പ്രകൃതിയോടും, ചുറ്റുമുള്ളതിനോടും, സമൂഹത്തോടും സ്നേഹവും, ഐക്യവും, കാരുണ്യവും പുലർത്തുവാൻ ഉപദേശിക്കുന്നു. മാത്രമല്ല ജീവിതത്തിന്റെ അർത്ഥം കണ്ടെത്തുന്നതിന് മനസ്സിനെ ഉപദേശിക്കുന്നു. "നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക." **മതം എന്നത് ആചാരങ്ങളുടെയും, വിശ്വാസങ്ങളുടെയും, നിയമങ്ങളുടെയും അടിസ്ഥാനത്തിലുള്ളതാണ്. ആത്മീയത എന്നത് സ്വന്തം ആന്തരിക ഉണർവ്വിനും സത്യം കണ്ടെത്തുന്നതിനും പ്രാധാന്യം നൽകുന്ന വ്യക്തിപരമായ അനുഭവം ആണ്.**

ഏതെങ്കിലും വിഷയത്തിൽ ജ്ഞാനം ഇല്ല എന്നുപറഞ്ഞാൽ ആ വിഷയം ഇല്ലാത്തത് എന്നല്ല ആ വിഷയത്തെക്കുറിച്ച് അജ്ഞാനി ആകുന്നു എന്നാണ്. ആത്മാവിനെ അറിയില്ല എന്നു പറഞ്ഞാൽ ആത്മാവ് ഇല്ലാത്തതാണ് എന്നല്ല, ആത്മാവിനെക്കുറിച്ചുള്ള അറിവില്ല എന്നാണ്. ആത്മാവിനെക്കുറിച്ചുള്ള അറിവ് അതിന്റെ പൂർണ്ണതയായ ദൈവത്തെക്കുറിച്ചുള്ള അറിവിലേക്ക് നയിക്കുന്നു. "എന്റെ എന്നെകുറിച്ചുള്ള അന്വേഷണം ദൈവത്തെക്കുറിച്ചുള്ള അറിവിലേക്ക് നയിക്കുന്നു. എങ്കിൽ, എന്റെ ദൈവത്തെക്കുറിച്ചുള്ള അന്വേഷണം എന്നെക്കുറിച്ചുള്ള അറിവിലേക്ക് നയിക്കുന്നു." **ഏതൊന്നിനെ അറിയുന്നതിൽക്കൂടി എല്ലാം അറിയുന്നുവോ ആ അറിവ് ആണ് ദൈവത്തെക്കുറിച്ചുള്ള അറിവ്.**

●



ഓതറ നസ്രേത്ത് ഫാർമസി കോളേജിന്റെ ബിരുദദാന ചടങ്ങ് ക്നാനായസമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുന്നു. മുൻ ഇന്ത്യൻ നയതന്ത്രജ്ഞൻ ടി. പി. ശ്രീനിവാസൻ (IFS) , ക്നാനായ സമുദായ സെക്രട്ടറി ടി. ഒ. എബ്രഹാം തോട്ടത്തിൽ, കോളേജ് സെക്രട്ടറി പി. എ. എബ്രഹാം കുഴികണ്ടത്തിൽ, മാനേജർ ഇ. കെ. സണ്ണി എടയാടിയിൽ, അസ്സോസിയേഷൻ പ്രസിഡന്റ് ഫാ. വി. എ. എബ്രഹാം ഇളയശേരിൽ, ക്ലെർജി ട്രസ്റ്റി ഫാ. എം. സി. സക്കറിയ മധുരംകോട്ട്, നസറേത്ത് ആശ്രമം സെക്രട്ടറി ടി. കെ. കുര്യൻ, ഗവേണിംഗ് ബോർഡ് അംഗം ശ്രീ. ബൈജുമോൻ ചാക്കോ പുലയകുന്നിൽ, P.K. കുര്യൻ പാട്ടമ്പലം, ടോണി കുര്യാക്കോസ് അട്ടച്ചിറയിൽ പ്രൊഫ.ബേബി എബ്രഹാം പുളിക്കാവിൽ, കോളേജ് പ്രിൻസിപ്പൽ ഡോ. എൽസി എബ്രഹാം എന്നിവർ സമീപം

## അഭി. ഗീവർഗ്ഗീസ് മോർ സേവേറിയോസ് തിരുമേനിയുടെ 99 –ാമത് ശ്രാദ്ധ പെരുന്നാൾ



ക്നാനായ സമുദായത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ അഭി. ഗീവർഗ്ഗീസ് മോർ സേവേറിയോസ് തിരുമേനിയുടെ 99 –ാമത് ശ്രാദ്ധ പെരുന്നാൾ അനുസ്മരണ സമ്മേളനവും ചരമശതാബ്ദി ഉദ്ഘാടനവും ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്താ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് നിർവഹിക്കുന്നു. ക്നാനായ കമ്മിറ്റി അംഗം ജോബി കാരിക്കോട്ട്, സമുദായ ട്രസ്റ്റി ടി. സി. തോമസ് തോപ്പിൽ, ജനറൽ കൺവീനർ ജേക്കബ് പണിക്കർ പണിക്കരോടത്ത്, വികാരി നോബിൻ തോമസ് ഇളകുറ്റൂർ, സംസ്ഥാന ചീഫ് സെക്രട്ടറി ഡോ. ജിജി തോംസൺ IAS, സമുദായ സെക്രട്ടറി ടി. ഒ. എബ്രഹാം തോട്ടത്തിൽ, ഓതറ ഫാർമസി കോളേജ് സെക്രട്ടറി പി. എ. എബ്രഹാം കുഴികണ്ടത്തിൽ, സാബു ഫിലിപ്പ് ഇടവഴിക്കൽ സാബു ചിറയിൽ എന്നിവർ സമീപം.



ബഹു. കേരള നിയമസഭാ സ്പീക്കർക്ക് ആദരവ്



സേവേറിയോസ് ക്വിസ് മത്സര വിജയികൾ


ST. GREGORIOS KNANAYA CHURCH
KINGDOM OF BAHRAIN
MANAGING COMMITTEE 2026-2027
TRUSTEE
VICAR
SECRETARY
REJI THOMAS
Thykoottathil
St. Mary's valiya pally
Kallissery
FR. JACOB PHILIP
Nadayil
SHOBIN PUNNOOSE
Nazranithundiyil
St. George valiya pally
Neelamperoor
COMMITTEE MEMBERS
EJIN ABRAHAM
Chandhatharayil
Kuttoor
LIBIN MATHEW
Modukkamoottil
St.Mary's salem church
Chingavanam
SHONE PUNNOOSE MATHEW
CHIKKU PHILIP
Attichirayil
Chengalam
ASHIK BABU
St.George Church Andhani Rani
VINSON JACOB
Karnakeril
SHIJO PUNNOOSE
BINU CHACKO
Kaitholil
Erumkad
ABIN KURIAKOSE (AUDITOR)
Plathodathil
St. Mary's Church, Eraviperoor

Advt -R

## നിലയ്ക്കൽ സെന്റ് തോമസ് എക്യുമെനിക്കൽ പള്ളിയിൽ മാർത്തോമ്മാ ശ്ലീഹായുടെ തിരുനാളും അനുസ്മരണ സമ്മേളനവും ജനകീയ കൂട്ടായ്മയും



ജനകീയ കൂട്ടായ്മ ഉദ്ഘാടനം

നിലയ്ക്കൽ സെന്റ് തോമസ് എക്യുമെനിക്കൽ പള്ളിയിൽ മാർത്തോമ്മാ ശ്ലീഹായുടെ തിരുനാളും അനുസ്മരണ സമ്മേളനവും ജനകീയ കൂട്ടായ്മയും ക്നാനായ സമുദായ വലിയ മെത്രാപ്പോലിത്താ ആർച്ച് ബിഷപ്പ് കുര്യാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുന്നു. (ഇടത്തുനിന്ന്) സജി താന്നിക്കൽ, വെരി. റവ. ജോൺസൺ കല്ലിട്ടതിൽ കോർഎപ്പിസ്കോപ്പാ, ക്നാനായ സമുദായ സെക്രട്ടറി ടി.ഒ. എബ്രഹാം തോട്ടത്തിൽ, മനേഷ് കണ്ണന്താനം, തോമസുകുട്ടി തേവരുമുറിയിൽ, ഫാ. ഷൈജു മാത്യു OIC, അഡ്വ. കെ.യു. ജനീഷ് കുമാർ MLA, അഡ്വ. പഴകുളം മധു MLA സാബു കണ്ണാടിപ്പുഴ, റേഞ്ച് ഓഫീസർ ജയൻ, ലിനു വരാത്തറ എന്നിവർ സമീപം.


പെരുന്നാൾ കൊടിയേറ്റ്




മർത്ത മറിയം വനിതാസമാജം യൂറോപ്പ് മേഖല സമ്മേളനം ഫാ. ഡോ. തോമസ് ജേക്കബ് മണിമല ബർമിംഗ്ഹാമിൽ ഉദ്ഘാടനം ചെയ്യുന്നു.



Celebrating in the Lord's grace, our $50^{th}$ wedding anniversary.
$5^{th}$ July 2026

***Colossians 3:14:***
*"And over all these virtues put on love, which binds them all together in perfect harmony."*

**Mrs. Mariamma Philip & Mr. KC Philip**
Kaipakasseril House, Eraviperoor.

Prayers & best wishes from:
Lt. Col. Jacob Philip & Mrs Pritty Jacob (son & daughter-in-law), Hyderabad.
Dr. Smitha Philip, PhD, Asst Prof, Christ University, Bangalore & Mr. Sunish K Joseph (son-in-law, Oracle Technologies, Bangalore).
Ryan Jacob, Ron Jacob, Reuben Sunish & Rian Sunish (Grand children)

Advt - O



KNANAYA WEDDINGS.COM

ക്നാനായ വെഡ്ഡിംഗ്സ്

ക്നാനായ സമുദായത്തിന്റെ സ്വന്തം മാട്രിമോണി

www.knanayaweddings.com

എറണാകുളം
+91 70254 22022

ചിങ്ങവനം
+91 94461 46000

knanayaweddings@gmail.com



Advt - O



സുനിൽ ഡി. കുരുവിള

# ജീവിത നൈപുണ്യം പരിപോഷിപ്പിക്കാം

"ദൈനംദിന ജീവിതത്തിലെ പ്രശ്നങ്ങളെയും വെല്ലുവിളികളെയും ഫലപ്രദമായി നേരിടാനും, കാര്യക്ഷമമായി മുന്നോട്ട് പോകാനും നമ്മെ പ്രാപ്തരാക്കുന്ന കഴിവുകളെയാണ് 'ലൈഫ് സ്കിൽ' (Life skill) ജീവിത നൈപുണ്യം എന്ന് വിളിക്കുന്നത്.

ആധുനിക ജീവിതത്തിൽ മനുഷ്യൻ അവനിലേക്ക് കൂടുതൽ കൂടുതൽ ചുരുങ്ങുമ്പോൾ പുതിയ തലമുറയിൽ ജീവിത നൈപുണ്യങ്ങൾ ഗണ്യമായി കുറയുന്നു. അറിവ് മാത്രം കൊണ്ട് ജീവിക്കാൻ കഴിയില്ല. പ്രവർത്തനത്തിലൂടെ ലഭിക്കുന്ന അനുഭവങ്ങളിലൂടെയുള്ള പഠനം പുതുതലമുറയ്ക്ക് കുറയുന്നു.

ഉന്നതപഠന രംഗത്ത്, തൊഴിൽ മേഖലയിൽ, വിവാഹ ബന്ധത്തിൽ, സാമൂഹിക ജീവിതത്തിൽ ഒക്കെ പുതുതലമുറ കിതയ്ക്കുന്നത് കാണാതെ പോകരുത്. കുടുംബബന്ധങ്ങൾ ശിഥിലമാകുന്നതിൽ നൈപുണ്യങ്ങളുടെ കുറവ് പ്രധാന കാരണമാണ്. നല്ല സൗഹൃദങ്ങൾ സാമൂഹിക പ്രതിഫലനങ്ങൾ പൊതുവെ മനുഷ്യനിൽ കുറയുന്നു. നാടിന്റെ പ്രശ്നങ്ങളോട് ഫലവത്തായി പ്രതികരിക്കാനോ ആവശ്യങ്ങൾ അനുസരിച്ച് പ്രവർത്തിക്കാനോ മിക്കവർക്കും കഴിയുന്നില്ല.

എ.പി.ജെ. അബ്ദുൾ കലാം പറഞ്ഞതുപോലെ നമുക്ക് മുന്നിൽ രണ്ട് വഴികൾ ഉണ്ട്. ഒന്നുകിൽ നമ്മുടെ പ്രശ്നങ്ങൾ നിന്ന് ഓടി മാറാം (fly) അല്ലെങ്കിൽ നമ്മുടെ മുമ്പിലുള്ള പ്രശ്നങ്ങളെ ധീരമായി നേരിടാം (fight) ഇന്ന് ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ മിക്കവരും മടിക്കുന്ന കാരണം പ്രധാനമായും നൈപുണ്യങ്ങളുടെ കുറവുതന്നെ! 'ബ്രോയിലർ' കോഴിപോലെ കുട്ടികൾ വളർന്നുവന്നാൽ അവർ ജീവിതത്തിൽ പരാജയപ്പെടും!

ഈ കാലത്ത് നമ്മളെ മികവുറ്റവരാക്കാൻ സഹായിക്കുന്ന നൈപുണ്യങ്ങളെ ഇവിടെയൊന്ന് പരിചയപ്പെടുത്താം. കഴിവതും മുഖത്തൊരു ചിരിയും സന്തോഷഭാവവും നിലനിർത്താൻ ശ്രമിക്കാം. 'പ്ലീസും' 'താങ്ക് യു' വും സംഭാഷണങ്ങളിൽ ഉപയോഗിക്കാൻ പിശുക്ക് കാട്ടേണ്ട.

മനുഷ്യരുടെ മുഖത്തുനോക്കി eye contact നിലനിർത്തി സംസാരിക്കാം. ഹസ്തദാനം ചെയ്യുമ്പോൾ ശക്തമായി നൽകാൻ ശ്രമിക്കാം.

ഒരു നേരത്തെ ഭക്ഷണം ഉണ്ടാക്കാൻ, കൂടെയുള്ളവർക്കു കൂടി പങ്കുവയ്ക്കാൻ, തുണി കഴുകാൻ, തുണി തേക്കാൻ എത്രപേർക്ക് അറിയാം?

പണം വിവേകത്തോടെ കൈകാര്യം ചെയ്യാൻ ബുദ്ധിയായി നിക്ഷേപിക്കാൻ പഠിക്കേണ്ടതുണ്ട്. Money saved is equal to money produced.

വാക്ക് പാലിക്കാൻ കഴിയണം. സ്വന്തം പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം എടുക്കാൻ ശീലിക്കണം. തെറ്റുപറ്റിയാൽ സമ്മതിക്കണം. തെറ്റിൽനിന്ന് പഠിക്കാൻ ശ്രമിക്കണം.

സാഹചര്യങ്ങൾക്ക് അനുസരിച്ച് വസ്ത്രധാരണം... വളരെ പ്രധാനം. എല്ലാവരെയും ബഹുമാനിക്കാൻ കരുതാൻ കരുണയോടെ ഇടപെടാൻ ശീലിക്കണം.

മികച്ച ആശയവിനിമയം വളർത്താം. സംസാരിക്കാൻ മാത്രമല്ല, താല്പര്യത്തോടെ ക്ഷമയോടെ കേൾക്കാനും പഠിക്കണം.

സമയബന്ധിതമായി ഏറ്റെടുക്കുന്ന കാര്യങ്ങൾ പൂർത്തീകരിക്കാൻ, ചോദ്യങ്ങൾ ചോദിക്കേണ്ടിടത്ത് ചോദിക്കാൻ.. ആവശ്യമുള്ളിടത്ത് നോ പറയാൻ ശീലിക്കണം.

മറ്റുള്ളവരെക്കുറിച്ച് മോശം പറയുന്നവരിൽ നിന്ന് അകലം പാലിക്കാം.

എല്ലാ തൊഴിലിനും അതിന്റേതായ മഹത്വം ഉണ്ടെന്ന് തിരിച്ചറിയുക. അദ്ധ്വാനിച്ച് ജീവിക്കുക. ദുരഭിമാനം വെടിയുക.

ഒരു ടയർ മാറാൻ, ഒരു അപേക്ഷ തയ്യാറാക്കാൻ, നാലു പേരുടെ മുമ്പിൽ എഴുന്നേറ്റുനിന്ന് രണ്ട് വാക്ക് പറയാൻ, ശീലിക്കണം.

തോൽവിയിൽ തളരാതിരിക്കാനും വിജയത്തിൽ മതിമറന്ന് പോകാതിരിക്കാനും കഴിയണം.

വ്യക്തി ജീവിതത്തിലും ജീവിക്കുന്ന ചുറ്റുപാടിലും വൃത്തി പുലർത്തണം.

ശരികൾക്ക്, ബോധ്യങ്ങൾക്ക്, സത്യത്തിന്, നീതിക്കു വേണ്ടി നിലനിൽക്കാൻ ധൈര്യം കാട്ടുന്നവർ സമൂഹത്തിൽ കൂടുതൽ ബഹുമാനിക്കപ്പെടും.

മറ്റുള്ളവരുടെ സമയം മാനിക്കുക. വ്യക്തിസ്വാതന്ത്ര്യത്തിൽ കൈകടത്താതിരിക്കുക.

അത്യാവശ്യ ജോലികൾ ഒക്കെ സ്വന്തമായി ചെയ്യാൻ ശീലിക്കുക. ചെറിയ കാര്യങ്ങൾക്കൊക്കെ മറ്റുള്ളവരെ ആശ്രയിക്കാതിരിക്കുക.



പ്രലോഭനങ്ങളിൽ വീഴാതിരിക്കാനുള്ള കരുത്ത് നേടാം. എല്ലാവരേയും സന്തോഷിപ്പിക്കേണ്ട കാര്യമില്ല!

ആവശ്യസമയത്ത് മറ്റുള്ളവരുടെ സഹായം തേടാൻ മടിക്കാതിരിക്കുക.

നിങ്ങളുടെ ആരോഗ്യം അഭിമാനം character നിങ്ങളുടെ മാത്രം ഉത്തരവാദിത്വമാണ്.

സംഘമായി പ്രവർത്തിക്കേണ്ട സമയത്ത് എല്ലാവരെയും ഉൾക്കൊണ്ടും പ്രചോദിപ്പിച്ചും നിലകൊള്ളണം.

സമയ ബന്ധിതമായി തീരുമാനങ്ങൾ എടുക്കാൻ, പ്രശ്നങ്ങൾ പരിഹരിക്കാൻ, വേണ്ടാത്ത കാര്യങ്ങളിൽ നിന്ന് വിട്ടു പോകാൻ, മാറി നിൽക്കാൻ ശീലിക്കണം.

സാമൂഹിക മാധ്യമം/gadgets ഒക്കെ നമ്മളെ നിയന്ത്രിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുക. നമ്മൾ gadgets ഉപയോഗിക്കുകയാണോ അതോ gadgets നമ്മളെ ഉപയോഗിക്കുകയാണോ? സമയം അമൃതാണ്!

ജീവിതം മുഴുവൻ പഠിതാവായി തുടരുക. മാറ്റങ്ങൾ അനിവാര്യമായിടത്ത് മാറാൻ മടികാണിക്കാതിരിക്കുക. വളർച്ചയും പുരോഗതിയും എന്നും ഉറപ്പാക്കാം.

സ്നേഹാശംസകൾ!

(Sunil D. Kuruvilla is a consultant Career Counsel, Life Coach, and Human Resource
Development Training Consultant. He is the founder of INSIGHT MISSION. He can be
contacted @ +91 9847400712/ 9656144712
YouTube: sunil kuruvilla
Email: insightmission@gmail.com
www.insightmission.org.in)

# ഫലപൂർണ്ണമായ വൃക്ഷം

Mrs.ജോയി, മുംബൈ

ഉല്പ്പത്തി 49:22 /യോസേഫ് ഫലപൂർണ്ണമായ വൃക്ഷം. നീരുറവിനരികെ നിൽക്കുന്ന ഫലസമൃദ്ധമായ വൃക്ഷംതന്നെ. അതിന്റെ ശാഖകൾ, മതിലിന്മേൽ പടരുന്ന ഒരു ചെടി വളരണമെങ്കിൽ വെയിൽ അഥവാ വെളിച്ചവും വെള്ളവും ലഭിച്ചാൽ മാത്രമേ വളർന്നു ഫലം പുറപ്പെടുവിക്കാൻ സാധിക്കൂ എന്ന് നമ്മൾ പഠിച്ചിട്ടുണ്ട്. ഇവിടെ യോസേഫിന്റെ ജീവിതത്തിൽ വെയിൽ അവന്റെ കഷ്ടത, ജീവിതത്തിലെ പല പ്രയാസങ്ങൾ,സങ്കടങ്ങൾ, ഒറ്റപ്പെടലുകൾ ഒക്കെ ആണ്. മറ്റുള്ളവർ നോക്കുമ്പോൾ ഒന്നിനും ഒരു കുറവുമില്ലായിരുന്നു. അപ്പൻ,10 സഹോദരന്മാർ, സമ്പത്ത് എല്ലാം അവന്റെ വീട്ടിൽ ഉണ്ടായിരുന്നു. ഒന്നിനും ഒരു കുറവുമില്ലായിരുന്നു. പക്ഷെ പലപ്പോഴും പരിഹാസങ്ങളും ഒറ്റപ്പെടലുകളും അവനെ വേട്ടയാടി. അവന്റെ കണ്ണുനീർ വെള്ളമായി മാറി. വെയിലും വെള്ളവും ലഭിച്ചപ്പോൾ അവൻ ഒരു വൃക്ഷമായി മാറി. അത് ഫലം പുറപ്പെടുവിച്ചു.

അവന്റെ കണ്ണുനീർ ഫലപ്രദമായ ഒരു വൃക്ഷമാക്കി അവനെ മാറ്റി. ആ ഫലങ്ങൾ ഗലാത്യർ: 5:22 ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ആത്മനിയന്ത്രണം ഈ ഒൻപത് ഫലങ്ങളും അവന്റെ ജീവിതം പരിശോധിക്കുമ്പോൾ നമുക്ക് കാണുവാൻ സാധിക്കും.

പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ എപ്പോഴാണ് നമ്മളിൽ കാണുന്നത്. സങ്കീർത്തനങ്ങൾ 1:3 നീർച്ചാലുകൾക്കരികെ നട്ടതും യഥാകാലം ഫലം നൽകുന്നതുമായ വൃക്ഷം പോലെയാണവൻ. അവൻ സഫലമാകും.

യിരമ്യാവ് 17:7-8 യഹോവയിൽ ആശ്രയിക്കുകയും യഹോവയെത്തന്നെ ആശ്രയമാക്കിയിരിക്കുകയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ. അയാൾ വെള്ളത്തിനരികെ നട്ടിരിക്കുന്നതും അതിന്നരികത്തു വേരൂന്നിയിരിക്കുന്നതുമായ വൃക്ഷം പോലെയാകും. ഉഷ്ണം വരുമ്പോൾ അതു പേടിക്കുകയില്ല. അതിന്റെ ഇല എപ്പോഴും പച്ചപ്പായിരിക്കും. വരൾച്ചയുള്ള വത്സരത്തിലും അത് വാട്ടം തട്ടാതെ ഫലം കായ്ച്ചുകൊണ്ടിരിക്കും.

ഉല്പ്പത്തി 40 നും 50 നുമിടയിൽ യോസേഫ് പലതവണ കരഞ്ഞു മനുഷ്യനെ കാണിക്കാതെ ദൈവമുമ്പാകെ കരഞ്ഞു. ദൈവം അവനെ ചേർത്തുപിടിച്ചു. യോസേഫ് കർത്താവിന്റെ നിഴലായി ആണ് കാണുന്നത്. സ്വപ്നക്കാരന്റെ സങ്കടവഴിയിൽ കൂടെയുണ്ടായിരുന്നവൻ നമ്മോടു കൂടെയിരിക്കും. മേലങ്കി നഷ്ടമായവർക്ക് പട്ടുവസ്ത്രം ലഭിക്കും. പ്രിയരേ, നമുക്കും നമ്മുടെ ദൈവത്തിനായി കാത്തിരിക്കാം.നമ്മുടെ സഹോദരങ്ങളെ, പ്രിയപ്പെട്ടവരെ കരുതുവാനും സ്നേഹിക്കുവാനും ദൈവം നമ്മെ സഹായിക്കട്ടെ. നമ്മൾക്കും പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവരാകാം. നമ്മൾ മറ്റുള്ളവർക്ക് ഒരു അനുഗ്രഹം ആകാം.

# ഉണങ്ങിയ അസ്ഥികൾ

കൊച്ചുമോൻ പള്ളിക്കപ്പറമ്പിൽ, ചിങ്ങവനം

യഹോവയുടെ കൈ എന്റെ മേൽ വന്നു. ആത്മാവിൽ എന്നെ പുറപ്പെടുവിച്ച് താഴ്വരയുടെ നടുവിൽ നിർത്തി അത് അസ്ഥികൾ കൊണ്ടു നിറഞ്ഞിരുന്നു. അവ ഏറ്റവും ഉണങ്ങിയതുമായിരുന്നു. അവൻ എന്നോട്, മനുഷ്യപുത്രാ ഈ അസ്ഥികൾ ജീവിക്കുമോ? എന്നു ചോദിച്ചതിനു ഞാൻ 'ദൈവമേ നീ എന്നെ അറിയുന്നു' എന്ന് ഉത്തരം പറഞ്ഞു. (യെഹെ 37: 1–3). ഈ ഉണങ്ങിയ അസ്ഥികൾ എന്തിനെ സൂചിപ്പിക്കുന്നു. ഇതിന്റെ പൊരുൾ എന്തായിരുന്നു. യേശുവിനെ കുരിശിൽ തറച്ച് കൊന്നത് യൂദന്മാർ ആയിരുന്നു. അതിന്റെ ഫലമായി അവർക്കുണ്ടായ യാതനകളും, ദുരിതങ്ങളും എല്ലാം കൂടിയുള്ള ശാപാവസ്ഥയുടെ ഫലമായി അവർക്കുണ്ടായ ജീവനില്ലാത്ത ശവം പോലെയുള്ള അവസ്ഥയെ ആത്മാവിൽ ദൈവം അവർക്ക് ഉണങ്ങിയ അസ്ഥികളുടെ കൂമ്പാരം പോലെ അവർ ആയിത്തീരും എന്നുള്ളതിന്റെ ഒരു ഉപമയായി ദൈവം ആത്മാവിൽ യെഹെസ്കിയേൽ പ്രവാചകനു വെളിപ്പെടുത്തിയതാണ് ഈ ദർശനം.

ബ്രിട്ടീഷ് മേൽക്കോയ്മയിൽ ഇൻഡ്യൻ ജനത അടിമത്വത്തിൽ ആയിരുന്ന പോലെ യഹൂദന്മാരുടെ രാജ്യവും റോമൻ ഭരണത്തിൽ ആയിരുന്നു. സ്വാതന്ത്ര്യ സമരങ്ങൾ യൂദന്മാർ നടത്തിയിരുന്നെങ്കിലും പലതും പരാജയപ്പെട്ടുപോയി. എ. ഡി. 70 ൽ മിസ്രയീമിലെ ഫറവോന്റെ ഹൃദയം കഠിനമാക്കിയതുപോലെ റോമൻ സൈന്യാധിപനായ തീത്തൂസിന്റെ ഹൃദയവും ദൈവം കഠിനമുള്ളതാക്കി ജറുശലേം ദേവാലയം നശിപ്പിച്ചു. അന്ന് പതിനായിരക്കണക്കിനു യഹൂദന്മാർ അടിമകൾ ആയി വില്ക്കപ്പെടുകയും ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും ചിതറപ്പെടുകയും ചെയ്തു. പിന്നീട് ബാക്കി യഹൂദന്മാർ തങ്ങളുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായി പ്രവർത്തിച്ചു. എന്നാൽ എ.ഡി. 132 ൽ ബെൻകച്ച്ബാ എന്ന യഹൂദന്റെ നേതൃത്വത്തിൽ ഏകദേശം 5 ലക്ഷം യഹൂദന്മാർ റോമൻ ഭരണത്തിന് എതിരായി ഒരു വിപ്ലവം തുടങ്ങിയതിന്റെ ഫലമായി യഹൂദന്മാരിൽ ബഹുഭൂരിപക്ഷവും കൊല്ലപ്പെടുകയും ധാരാളം ചിതറപ്പെടുകയും ഉണ്ടായി.

യഹൂദന്മാരിൽ പലരും ഇൻഡ്യയിലും കുടിയേറി. അവരിൽ ചിലർ കൊച്ചിയിൽ മട്ടാഞ്ചേരിയിലും വന്നു. അവരുടെ യൂദപള്ളി ഇന്നും സാക്ഷ്യമായി നിലകൊള്ളുന്നു. റോമക്കാർ യഹൂദന്മാരുടെ പൂർവ്വശത്രുക്കൾ ആയിരുന്നതുകൊണ്ട് ഫെലിസ്ത്യരെ ബഹുമാനിക്കാനെന്നവണ്ണം യഹൂദന്റെ നാടിന് അവർ പാലസ്തീൻ എന്ന പേരു നൽകുകയും ചെയ്തു.

യേശുവിനെ കുരിശിൽ തറച്ചുകൊന്ന യൂദന്മാരുടെ ശാപാവസ്ഥയുടെ ദർശനം ആയിരുന്നു ഉണങ്ങിയ അസ്ഥികളുടെ ദർശനം. ജറുസലേം ദേവാലയം നശിപ്പിക്കപ്പെട്ടതുകാരണം ആരാധനയും ബലിയും ബലികർമ്മങ്ങൾ അർപ്പിച്ചിരുന്ന ലേവി ഗോത്രപുരോഹിതന്മാരും നഷ്ടപ്പെടുകയും തന്മൂലം ആത്മാവിൽ ജീവനില്ലാത്ത ശവത്തിനു തുല്യമായ്ത്തീർന്നു. ആ അവസ്ഥയായിരുന്നു ഉണങ്ങിയ അസ്ഥികൾ ദർശനത്തിൽ പ്രവാചകനെ കാണിച്ചത്.

**യിസ്രായേൽ ചിതറപ്പെടുമെന്നതിനുള്ള പ്രവചനം**

യഹോവ, നിന്നെ ഭൂമിയുടെ ഒരറ്റം മുതൽ മറ്റേയറ്റം വരെ സർവ്വജാതികൾക്കും ഇടയിൽ ചിതറിക്കും.(ആവ:28:64) ഇപ്രകാരം അവർ പ്രാർത്ഥിച്ചു.ഞങ്ങളുടെ അസ്ഥികൾ ഏറ്റവും ഉണങ്ങിയിരിക്കുന്നു. ഞങ്ങളുടെ പ്രത്യാശയ്ക്കു ഭംഗം വന്നിരിക്കുന്നു.(യെഹെ: 37:11.) മനുഷ്യപുത്രാ, ഈ അസ്ഥികൾ ജീവിക്കുമോ? എന്നു ചോദിച്ചതിന് യഹോവ ഇപ്രകാരം പറഞ്ഞു.ഞാൻ നിങ്ങളിൽ ശ്വാസം വരുത്തി, ഞരമ്പുവച്ച് മാംസം പിടിപ്പിച്ചു നിങ്ങളെ ത്വക്കു കൊണ്ടു പൊതിഞ്ഞ് കഴിയുമ്പോൾ ഞാൻ യഹോവയെന്ന് നിങ്ങൾ അറിയും.

**യിസ്രയേലിന്റെ പുനരുത്ഥാനപ്രവചനം**

നിങ്ങളെ ജാതികളുടെ ഇടയിൽനിന്നും കൂട്ടിച്ചേർത്ത് ശേഖരിച്ച് സ്വന്തദേശത്ത് വരുത്തും. യെഹെ 20:34,41 ഞാൻ നിങ്ങളെ ജനതകളുടെ ഇടയിൽനിന്നും കൂട്ടി സകല ദേശങ്ങളിൽ നിന്നും ശേഖരിച്ച് സ്വദേശത്തേക്കുവരുത്തും. (യെഹെ 36:24) നിങ്ങളുടെ പിതാക്കന്മാർക്ക്കൊടുക്കുമെന്ന് ഞാൻ ഉയർത്തി സത്യം ചെയ്തദേശമായ യിസ്രായേൽ ദേശത്തേക്കു നിങ്ങളെ കൊണ്ടുവരുമ്പോൾ ഞാൻ യഹോവ ആകുന്നുവെന്ന് നിങ്ങൾ അറിയും. യെഹെ 20:42

യഹൂദന്മാരുടെ പുനരുദ്ധാനത്തെപ്പറ്റി യേശുതമ്പുരാന്റെ പ്രവചനത്തെപ്പറ്റി മത്താ 24:32–33 പറഞ്ഞിരിക്കുന്നത് അത്തിവൃക്ഷം തളിർക്കുമ്പോൾ വേനൽ അടുത്തുയെന്നു നിങ്ങൾ അറിയുന്നുവല്ലോ ഇപ്രകാരം യേശു അത്തിയെ ഉപമിച്ചത് യഹൂദനെക്കുറിച്ചാണ്. 1948 മെയ് 14–ാം തീയതി യിസ്രയേൽ ഒരു രാഷ്ട്രമായിത്തീർന്നു. അതാണ് അത്തിവൃക്ഷം തളിർത്തത്. അപ്പോൾ വേനൽ അടുത്തുയെന്നത് ലോകാവസാനത്തെ സൂചിപ്പിക്കുന്നു.

ചില ഉപദേശിമാരും കള്ളപ്രചരണം നടത്തുന്നതു കേൾക്കാറുണ്ട്. യഹൂദൻ മൂന്നാം ജറുശലേം ദേവാലയം പണിയുമെന്നും അതിനായി ചുവന്ന പശു വിനെ ബലിയായി അവിടെ നടത്താൻ വളർത്തുന്നുയെന്നും,അതുപോലെ നഷ്ടപ്പെട്ട സാക്ഷിയിൻ പെട്ടകം അന്വേഷിച്ച് രഹസ്യമായി സൂക്ഷിച്ചിട്ടുണ്ടെന്നും കള്ളപ്രചരണം നടത്തുന്നുണ്ട്. എന്നാൽ അപ്രകാരം ഒന്നും സംഭവിക്കില്ലെന്ന് ഉറപ്പ് .യിരമ്യാവ് 3:16 അങ്ങനെ നിങ്ങൾ ദേശത്ത് വർദ്ധിച്ചുപെരുകുമ്പോൾ ആ കാലത്ത് യഹോവയുടെ നിയമപെട്ടകം എന്ന് അവർ ഇനി പറയുകയില്ല,അത് മനസ്സിൽ വരുകയുമില്ല. അവർ അതിനെ ഓർക്കുകയില്ല. അവർ സന്ദർശിക്കുകയുമില്ല. യഹോവ അരുളിച്ചെയ്യുന്നു. ഈ പ്രവചനം നിയമപെട്ടകം കഴിഞ്ഞുപോയിയെന്നാണ്. ഒന്നാം ഉടമ്പടിയുടെ കാലം മോശയുടെ കാലമായിരുന്നു. അന്ന് നിയമപെട്ടകം പ്രാധാ

ന്യമുണ്ടായിരുന്ന സ്ഥാനത്ത് പുതിയ നിയമസാക്ഷിയിൻ പെട്ടകം ദൈവമാതാവാണെന്നാണ് സഭയുടെ വിശ്വാസം.പഴയനിയമബലി പാപമോചനത്തിന് നടത്തിയിരുന്നതായിരുന്നു. ഒന്നാം ഉടമ്പടി കുറ്റമറ്റതായിരുന്നുവെങ്കിൽ രണ്ടാമതൊന്നു വേണ്ടിവരികയില്ലായിരുന്നു. എബ്രാ 8: 7

പുതിയ നിയമബലി പാപമോചനത്തിന് യേശുവിന്റെ ശരീരവും രക്തവും ആക്കി സ്ഥാപിച്ചതാണ് രണ്ടാം ഉടമ്പടി. താൻ കഷ്ടത അനുഭവിച്ച് തന്റെ മരണത്താൽ സ്ഥാപിച്ച അപ്പവീഞ്ഞുകൾ കൊണ്ടുള്ള ബലി ഇനി മൂന്നാമത് ജറുസലേം ദേവാലയം സ്ഥാപിച്ച് വീണ്ടും മൃഗബലി തുടങ്ങുമെന്നു പ്രചരിപ്പിക്കുന്നത് ദുരുപദേശമാണ്. ഇത് ദൈവത്തെ അസ്ഥിരമക്കുകയാണ്. ദൈവം മാറ്റമില്ലാത്തവനാണ്.മൃഗബലി നിർത്തലാക്കാൻ എ.ഡി. 70 ൽ ജറുസലേം ദേവാലയം നശിപ്പിച്ച് മൃഗബലി നിർത്തിയതിനുശേഷം മൂന്നാമതും അത് പണിത് മൃഗബലി പു:നസ്ഥാപിക്കുന്നതിന് സ്ഥിരതയില്ലാത്ത ദൈവത്തെ ചിത്രീകരിക്കുന്നത് ശാപഗ്രസ്ഥമാണ്. ക്രിസ്ത്യാനികൾക്ക് ജറുസലേം ദേവാലയം പണിയുന്നതുമായി ബന്ധം ഇല്ല. നാം അവന്റെ രണ്ടാംവരവിൽ അവനോടൊപ്പം എടുക്കപ്പെടാൻ യോഗ്യരായി വിശുദ്ധജീവിതം നയിച്ച് പ്രത്യാശയുള്ളവരായിത്തീരണം.

"MayGod bless you"

# മനുഷ്യരുടെ വിചാരങ്ങളെ മായ എന്നു യഹോവ അറിയുന്നു. സങ്കീ 93-11

**അമ്മാൾരാജൻ,പുളിമൂട്ടിൽ സീതത്തോട്**

"അയ്യോ അയ്യോ എന്നുള്ളന്ത്യ സ്വരമോർക്കിൽ
അയ്യോ എനിയ്ക്കൊന്നും വേണ്ട പാരിൽ
കർത്താവ് എനിയ്ക്കൊരു വാസസ്ഥലം വിണ്ണിൽ
എത്രകാലം മുമ്പേ തീർപ്പാൻ പോയി"

ജനനത്തിന്റെയും മരണത്തിന്റെയുമിടയിലുള്ള ഒരു ഇടത്താവളം മാത്രമാണ് ഈ ലോകം. നമ്മുടെ ഈ ജീവിതമാകുന്ന നാടകത്തിന്റെ അവസാനഘട്ടം മരണമെന്ന തിരശ്ശീലകൊണ്ടു മറയ്ക്കുന്നു. ജനിച്ചുവീഴുന്ന കുഞ്ഞുങ്ങൾ പോലും ഈ നാടകവേദിയിലെ അഭിനയക്കാരാണ്. ഇതിന്റെ പ്രൊഡ്യൂസർക്ക് എപ്പോൾ വേണമെങ്കിലും യാതൊരു മുന്നറിയിപ്പുമില്ലാതെ പിരിച്ചുവിടാം. അല്പകാലത്തേയ്ക്കു തിന്നും കുടിച്ചും ചിരിച്ചും കരഞ്ഞും ഇവിടെ താമസിക്കുവാനുള്ള ഒരു ഇടത്താവളമാണെന്നറിഞ്ഞിട്ടും എല്ലാവരും എപ്പോഴും തിരക്കിലാണ്. ചിലരു സമ്പാദ്യത്തിന്റെ പിന്നാലെ, ചിലരു സ്ഥാനമാനങ്ങളുടെ പിന്നാലെ, ചിലര് ഒരു നേരത്തെ ആഹാരത്തിനുവേണ്ടി. എങ്ങനെയാണെങ്കിലും മനുഷ്യർ തിരക്കിലാണ്. ദൈവ സൃഷ്ടിയിൽ മനുഷ്യനു മാത്രമേയുള്ളു ഈ തിരക്ക്. മറ്റെല്ലാ ജീവജാലങ്ങളും അന്നത്തേയ്ക്കുള്ളതു തേടി നടന്നിട്ട് സന്ധ്യയാകുമ്പോൾ കൂട്ടിൽ വരും. മനുഷ്യർ അങ്ങനെയല്ല. നല്ല വസ്ത്രം ധരിച്ചാൽ മാത്രംപോരാ. നല്ലവീട്ടിൽ താമസിച്ചാൽ പോരാ. പിന്നെ എന്തിനൊക്കെയോ വേണ്ടി ഭ്രാന്തന്മാരെപ്പോലെ പരക്കം പായുകയാണ്. അവസാനം ഒന്നുമില്ലാതെ തിരിച്ചു പോകും. ജീവിതം യഥാർത്ഥത്തിൽ ഒരു തമാശ മാത്രമാണെന്നു തോന്നിപ്പോകും.

"വീടുമില്ലാരുമില്ലൊന്നുമില്ല
ലോകത്തിലെനിയ്ക്കെന്ന് ഓർക്കുക നീ
വിട്ടകലും നീ ഒരു നാളിൽ ഉണ്ടെന്നു
തോന്നുന്ന സകലത്തേയും"

എത്ര ഓടിച്ചാടി മത്സരിച്ചു കൈയ്യടക്കി വെക്കുന്ന സ്ഥാനമാനങ്ങളും സ്വത്തുക്കളുമെല്ലാം ഉപേക്ഷിച്ച് ഒന്നുമില്ലാതെ തിരിച്ചു പോകേണ്ട വെറും നിസ്സാരന്മാർ മാത്രമാണ് മനുഷ്യൻ എന്നു ജീവിച്ചിരിക്കുമ്പോൾ ചിന്തിക്കുന്നില്ല. ഒരു ദുരന്തം വരുമ്പോഴാണ് സ്വാർത്ഥതകൊണ്ടു പണിതുയർത്തിയ വേലിക്കെട്ടുകളെല്ലാം അർത്ഥരഹിതമായിരുന്നു എന്നു മനസ്സിലാക്കുന്നത്. കോവിഡെന്ന വൈറസും വെള്ളപ്പൊക്കവുമൊക്കെ നമുക്കു തന്ന ഉപദേശങ്ങളൊക്കെ നമ്മൾ മറന്നുപോയി. പിന്നെയും നമ്മൾ സ്വാർത്ഥരായി.

രണ്ടു രാജ്യങ്ങൾ തമ്മിൽ യുദ്ധത്തിന് ഒരുങ്ങുകയാണ്. രാജ്യങ്ങളുടെ നടുവിൽ ഒരു പാലമുണ്ട്. അക്കരെ ഇക്കരെ നിന്നുകൊണ്ട് പരസ്പരം പോർ വിളിക്കുകയാണ്. ഒരു ഉരുൾ പൊട്ടിവന്ന് ഈ പാലം ഒലിച്ചുപോയി. ഭയങ്കര മഴയുമാണ്. കുറെ കഴിഞ്ഞപ്പോൾ രണ്ടുകൂട്ടർക്കും വിശന്നു. ഒരു കൂട്ടരുടെ കയ്യിൽ ആവശ്യത്തിനു ഭക്ഷണമുണ്ട്. അവർ അവരുടെ ഭക്ഷണത്തിൽ കുറച്ച് അക്കരെ നിന്നവർക്ക് എറിഞ്ഞു കൊടുത്തു. ഇക്കരെ നിന്നവർ അവരുടെ കയ്യിലിരുന്ന കമ്പിളി പുതപ്പുകൾ അവർ തണുപ്പുകൊണ്ടു തണുത്തുവിറയ്ക്കുന്നതുകണ്ടു അക്കരയോട്ട് എറിഞ്ഞുകൊടുത്തു. മഴ ശക്തിപ്പെടും തോറും ശത്രുക്കൾ തമ്മിൽ അടുത്തുകൊണ്ടിരുന്നു. കുറച്ചുകഴിഞ്ഞു യുദ്ധം ആരംഭിക്കുവാനുള്ള സൈറൺ മുഴങ്ങി. രണ്ടുകൂട്ടരും യുദ്ധത്തിനു തയ്യാറായില്ല. ഒടുവിൽ അവരുടെ മേലുദ്യോഗസ്ഥന്മാർ സമാധാന ഉടമ്പടിയിൽ ഒപ്പുവെച്ചു യുദ്ധവും അവസാനിപ്പിച്ചു. യുദ്ധത്തിനു കാരണം രാജാക്കന്മാരാണ്. അവർക്കു മേൽക്കോയ്മ വേണം. അതിനു പാവം ജനങ്ങളാണ് ബലിയാടാകുന്നത്. ജനങ്ങൾ കൈകോർത്തു കഴിഞ്ഞപ്പോൾ രാജാക്കന്മാർ താണുകൊടുക്കേണ്ടി വരുകയും യുദ്ധം അവസാനിപ്പിക്കുകയും ചെയ്തു. ഞാൻ മനുഷ്യരുടേയും ദൂതന്മാരുടേയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ലായെങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ തിളങ്ങുന്ന കൈത്താളമോ അത്രേ. (1 കൊറിന്ത്യർ 143-1)സ്ഥാനമാനങ്ങൾക്കുവേണ്ടി മറ്റുള്ളവരെ തമ്മിൽ കലഹിപ്പിക്കുന്ന രീതികളാണ് എവിടേയും നടക്കുന്നത്. സമാ

ധാനം ഉണ്ടാക്കേണ്ടവർ സമാധാനം ഇല്ലാതാക്കുന്നു. സത്യത്തിൽ തമ്മിലുള്ള പോരാട്ടം അകൽച്ചയുടെ മതിൽക്കെട്ടുകളാണ്. മനുഷ്യനെ എന്റേതും നിന്റേതും ആക്കുമ്പോൾ മരണത്തോടുകൂടി ഈ മതിൽക്കെട്ടുകൾ പൊളിഞ്ഞുവീഴും. കഴിവു തെളിയിക്കുന്ന തന്ത്രം മാത്രമാണ് പരസ്പരപോരാട്ടം. മതിൽ കെട്ടുന്നവനും പൊളിയ്ക്കുന്നവനും ചിന്തിയ്ക്കുന്നില്ല

“മരണമന്നരികെ
വന്നപ്പോൾ
ചുറ്റും നോക്കി
എന്നെ തുണചെയ്യുവാൻ
വന്നില്ലാരും”

മരണം വാറണ്ടുമായി വരും. തെളിവോടുകൂടി തന്നെ പോകാതെ യാതൊരു നിവൃത്തിയുമില്ല. പകരക്കാരെ സ്വീകരിക്കുകയുമില്ല. വേറെ ആരും പോകാനൊട്ടു തയ്യാറാകുകയുമില്ല. നമ്മുടെ ഈ ലോകത്തിലെ അഭിനയവും കഴിഞ്ഞു നമ്മൾ ഭിത്തിയിൽ പടവുമായി മാറി. ഞാൻ എത്ര ക്ഷണികൻ എന്നറിയുമാറാകട്ടെ. (സങ്കീ 39-4)

അടുത്ത തലമുറയ്ക്കു വഴികാട്ടിയോ അതോ വഴിമുടക്കികളോ ഏതിൽ നാം ഉൾപ്പെടും. കുടുംബത്തിലാണെങ്കിലും സമൂഹത്തിലാണെങ്കിലും ചുറ്റുപാടിലാണെങ്കിലും നാം ചൂണ്ടിക്കാണിക്കാൻ കൊള്ളാവുന്ന ഒരു മാന്യന്റെ സ്ഥാനം നമ്മുടെ മരണശേഷം നമുക്കു കാണുമോ! പ്രശസ്തനായില്ലെങ്കിലും വിശ്വസ്തനായിരുന്നെന്ന് നമ്മളെക്കുറിച്ചുള്ള ഓർമ്മയിൽ ആരെങ്കിലും പറയുമോ“ ജാതികൾ മരിയ്ക്കയും മൂഢനും മൃഗപ്രായനും ഒരുപോലെ നശിയ്ക്കുകയും തങ്ങളുടെ സമ്പാദ്യം മറ്റുള്ളവർക്കു വിട്ടേച്ചു പോകുകയും ചെയ്യുന്നതു കാണുന്നുവല്ലോ.”(സങ്കീ: 49-10) എല്ലാം മായ തന്നെ. നമ്മളു കഷ്ടപ്പെട്ടുണ്ടാക്കിയതെല്ലാം മറ്റാർക്കോ അവകാശങ്ങളാകും. ഭൂമിയിൽ നമുക്കു കിട്ടുന്ന ഓരോ മിനിറ്റും ദൈവത്തിന്റെ ഔദാര്യമാണ്. ആരോഗ്യം ദൈവത്തിന്റെ ഏറ്റവും വിലപ്പെട്ട ദാനമാണ്. പണത്തിനും പ്രശസ്തിക്കും സ്ഥാനമാനങ്ങൾക്കുമൊക്കെ വിലയുള്ളത് ഓടിച്ചാടി നടക്കുമ്പോൾ മാത്രമാണ്. കിടക്കുമ്പോൾ പഴമക്കാർ പറയുന്നതുപോലെ കട്ടിലും പായും. ആരോഗ്യത്തേക്കാൾ വലിയ ധനമില്ല. സന്തോഷത്തിനേക്കാളും വലിയ നേട്ടമില്ല. മനസ്സിന്റെ സമനില തെറ്റിയാൽ നമ്മൾ ഭ്രാന്തന്മാരും ശ്വാസം നിലച്ചാൽ ശവവുമാണ്. ഏതു നിമിഷവും ആർക്കും എന്തും സംഭവിക്കാം. “ഭൂമി ദുഷിച്ചു വാടിപ്പോകുന്നു, ഭൂതലം ക്ഷയിച്ചു വാടിപ്പോകും. ഭൂമിയിലെ ഉന്നതന്മാർ ക്ഷീണിച്ചുപോകുന്നു. ഭൂമി അതിലെ നിവാസികളാൽ മലിനമായിരിക്കുന്നു. അവർ പ്രമാണങ്ങളെ ലംഘിച്ചു

ചട്ടത്തെ മറിച്ചു നിത്യനിയമത്തിനു ഭംഗം വരുത്തിയിരിക്കുന്നു. അതുകൊണ്ട് ഭൂമി ശാപഗ്രസ്ഥമായി. അതിൽ പാർക്കുന്ന അവർ ശിക്ഷ അനുഭവിക്കുന്നു. അതുകൊണ്ട് ഭൂവാസികൾ ദഹിച്ചും പോയി” യെശയ്യാവ് (24-4-6) ഇന്നു ലോകത്തിൽ നടക്കുന്ന ഓരോ അനുഭവങ്ങളും നമുക്കുള്ള മുന്നറിയിപ്പുകളാണെന്ന് കരുതിക്കൊണ്ട് അന്യോന്യം ക്ഷമിച്ചു സ്നേഹത്തോടെ ഈ ചുരുങ്ങിയ കാലയളവ് മാത്രമുള്ള ജീവിതമാകുന്ന യാത്ര അവസാനിപ്പിക്കുവാൻ നമുക്ക് എല്ലാവർക്കും സ്വർഗ്ഗസ്ഥനായ പിതാവിൽനിന്ന് കൃപ ലഭിക്കട്ടെ. ●



## യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
**ലൗലി, തിരുവല്ല**

**പരി. ദൈവമാതാവിന്റെ ഉപകാരസ്മരണ**
**ഒരു വിശ്വാസി, വാകത്താനം**

**മോർ ശെമവൂൻ ശ്ലീഹായ്ക്ക് ഉപകാരസ്മരണ**
**ഒരു വിശ്വാസി, വാകത്താനം**

# ക്നാനായ സൺഡേ സ്കൂൾ സമാജം വാർഷികം

ക്നാനായ സൺഡേ സ്കൂൾ സമാജത്തിന്റെ 72-ാമത് വാർഷിക സമ്മേളനം നീലംപേരൂർ സെന്റ്ജോർജ് ക്നാനായ വലിയ പള്ളിയിൽ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്തു. സൺഡേ സ്കൂൾ സമാജം ഡയറക്ടർ ഫാ. ജേക്കബ് കല്ലുകുളം അദ്ധ്യക്ഷത വഹിച്ചു. ഫാ. ബിബിൻ ആൻഡ്രൂസ് കുന്നുംപുറത്ത്, പി.ഐ. ഏബ്രഹാം പള്ളിക്കപറമ്പിൽ, ജെബി ഏബ്രഹാം പള്ളിക്കപ്പറമ്പിൽ, ജൂബി കളത്തിൽ, പി.സി. ഏബ്രഹാം,സജി തെക്കേകരോട്ട്, ബിനോപാറക്കുളം, പി.എ.ഏബ്രഹാം കുഴിക്കണ്ടത്തിൽ, ജോസഫ്കുട്ടി ഇടയാടിയിൽ, ജയിംസ് അഴകത്തുചിറയിൽ, ജോർജ്മുളമൂട്ടിൽ, കെ.പി.ഏബ്രഹാംകുറ്റിയിൽ എന്നിവർ പ്രസംഗിച്ചു. സൺഡേ സ്കൂൾ സമാജം ജനറൽ സെക്രട്ടറി ഫാ.ജിജി പുന്നൂസ് പുത്തൻപുരയ്ക്കൽ ഷാർജയിലേക്ക് ട്രാൻസ്ഫറായ ഒഴിവിൽ ജനറൽ സെക്രട്ടറിയായി ഫാ. സൈനോ മർക്കോസ് കൊച്ചുമംഗരയെ തിരഞ്ഞെടുത്തു. സൺഡേസ്കൂൾ അദ്ധ്യാപകവൃത്തിയിൽ 50 വർഷം, 40 വർഷം, 25 വർഷം സേവനം പൂർത്തിയാക്കിയ അദ്ധ്യാപകരെ ആദരിച്ചു. സൺഡേസ്കൂൾ പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ നൽകി. കലാ മത്സരങ്ങളിൽ വിജയികളായവർക്ക് ട്രോഫികളും നൽകി. ●

# ഏവൻഗേലിയോൻ ദീപം



ഫാ. ബിബിൻ ആൻഡ്രൂസ് കുന്നുംപുറത്ത്

**പെന്തിക്കോസ്തിക്കുശേഷം എട്ടാം ഞായർ**
**വി: മർക്കോസ് 8:1 – 10 ജൂലൈ 19**

ജനം വളരെ പ്രതീക്ഷയോടുകൂടിയാണ് കർത്താവിനെ അനുഗമിക്കുന്നത്.യേശുക്രിസ്തുവിൽ ഒരു വലിയ പ്രതീക്ഷ അവർ കണ്ടു. കർത്താവിന്റെ ദൈവരാജ്യ സന്ദേശങ്ങൾ അവരിൽ പുതിയ ഉണർവ്വും പ്രതീക്ഷയും നൽകി. അവരുടെ ഇടയിൽ ഉള്ള അനീതിയുടെ ഘടനകൾക്ക് വിരുദ്ധമായി സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും സമത്വത്തിന്റേയും സമൃദ്ധിയുടേയും ഒരു സുവിശേഷം യേശുക്രിസ്തുവിന്റെ പഠിപ്പിക്കലുകളിൽ അവർ കണ്ടു. ഈ പശ്ചാത്തലത്തിൽ കർത്താവ് ചെയ്ത ഈ അത്ഭുതപ്രവൃത്തിയെ നാം മനസ്സിലാക്കുകയും ധ്യാനിക്കുകയും ചെയ്യുന്നത് നന്നായിരിക്കും. പ്രധാനമായും രണ്ടുചിന്തകൾ ആണ് വി.ഏവൻഗേലിയോൻ ഭാഗത്തിലൂടെ നമുക്ക് ലഭിക്കുന്നത്.

**1. മാനുഷിക പരിമിതികളിൽ സാധ്യതകളെ കാണുന്ന ക്രിസ്തു**

വി. ഏവൻഗേലിയോൻ ഭാഗത്തിൽ കർത്താവ് ശിഷ്യന്മാരോട് ചോദിക്കുകയാണ്. എന്താണ് നിങ്ങളുടെ കൈകളിൽ ബാക്കിയുള്ളത് ? അത് ഏഴ് അപ്പം മാത്രമാണ് എന്നായിരുന്നു അവരുടെ ഉത്തരം. ഏഴ് അപ്പം അവിടെ കൂടിയിരിക്കുന്ന നാലായിരത്തോളം പേർക്ക് മതിയാവില്ല എന്ന് നന്നായി അറിയാമായിരുന്ന കർത്താവ് എന്നാൽ ആ പരിമിതികളിൽ ഒരുപാട് സാധ്യതകളെ കണ്ടെത്തുവാൻ നമ്മെ സഹായിക്കുന്നു. മനുഷ്യർക്ക് എല്ലാവർക്കും പരിമിതികൾ ഉണ്ട്. എന്നാൽ ദൈവകരങ്ങളിലേയ്ക്ക് നൽകപ്പെടുമ്പോൾ അത് അത്ഭുതങ്ങളായിത്തീരും എന്നതിന്റെ ഒരു ഉത്തമ ഉദാഹരണമാണ് ഈ അത്ഭുത പ്രവൃത്തി.നമ്മുടെ കൈയ്യിൽ എന്തുണ്ട് എന്നതിനെക്കുറിച്ചല്ല ദൈവം ചിന്തിക്കുന്നത്. മറിച്ച് നമുക്ക് ഉള്ളതിനെ പൂർണ്ണമായി വിട്ടുകൊടുക്കുവാനുള്ള മനസ്സ് ഉണ്ടോ എന്നുള്ളതാണ്. (God is not concerned about our abilities rather God is cocerend about our availability).ദൈവത്തിന്റെ സന്നിധിയിൽ സമർപ്പിക്കുവാനുള്ള മനസ്സ് ഉണ്ടോ എന്നുള്ളതാണ് പ്രധാനം. ദൈവകരങ്ങളിലേക്ക് വിട്ടുകൊടുത്തിട്ടുള്ളതിനെ എല്ലാം അവിടുന്ന് ആശിർവദിച്ചിട്ടുണ്ട്. അതിലൊക്കെ അനന്തമായ സാധ്യതകൾ ദൈവം ഒരുക്കുന്നുണ്ട് എന്നതാണ് നമുക്ക് നൽകുന്ന വലിയ പ്രതീക്ഷ.

**2. തൃപ്തിയുടെ ദൈവരാജ്യ അനുഭവം**

വി. ഏവൻഗേലിയോനിൽ നാം വായിക്കുന്നു. ഈ പന്തിഭോജനത്തിൽ പങ്കെടുത്ത എല്ലാവരും തൃപ്തരായി ആണ് മടങ്ങിപ്പോയത്. വചനത്തിന്റെ തൃപ്തി മാത്രമല്ല, അവരുടെ ഭൗതിക ആവശ്യങ്ങൾക്കും കർത്താവ് മതിയായവൻ ആകുന്നു. യേശുക്രിസ്തു പങ്കുവെയ്ക്കുമ്പോൾ മാത്രമേ തൃപ്തി ഉണ്ടാവുകയുള്ളു എന്ന് നാം എല്ലായ്പ്പോഴും ഓർക്കണം. ആ ഭക്ഷണകൂട്ടായ്മയിൽ വി.കുർബ്ബാനയുടെ അതേ ഫോർമുല തന്നെയാണ് കർത്താവ് ഉപയോഗിക്കുന്നത്. അവിടുന്ന് അപ്പം എടുത്തു വാഴ്ത്തി സ്തോത്രം ചെയ്ത് നുറുക്കി നൽകുന്നു. ക്രിസ്തുവിനോട് ഒപ്പം ഉള്ള എല്ലാ അനുഭവങ്ങളും അത്തരത്തിൽ വി.കുർബ്ബാനപോലെ പവിത്രമാണ് എന്ന് വി.ഏവൻഗേലിയോൻ നമ്മെ ഓർമ്മിപ്പിക്കുന്നു.

ദൈവികമായ അനുഗ്രഹങ്ങളാൽ മാത്രമാണ് മനുഷ്യന് തൃപ്തി കണ്ടെത്തുവാൻ സാധിക്കുന്നത്. മാനുഷികമായ എല്ലാ പ്രയത്നങ്ങളും പരിശ്രമങ്ങളും

അപൂർണ്ണമാണ് എന്ന് നാം ഓർക്കണം. ദൈവം നിറയ്ക്കുമ്പോൾ മാത്രമേ 'പടക്' നിറയാറുള്ളു എന്ന് നാം മറന്നുപോകരുത്. ഇവിടെ നാം ഒരു തൃപ്തിയുടെ സാമ്പത്തിക ശാസ്ത്രബോധനം കാണുന്നു. അത് മരുഭൂമിയിൽ യിസ്രയേൽ ജനത്തിന് 'മന്ന' നൽകിയപ്പോഴും നാം കാണുന്നുണ്ട്. അന്നന്നത്തേക്കുള്ളത് മാത്രം നൽകുന്നു; അധികം ചേർത്തു വയ്ക്കുന്നവർക്ക് ആർക്കും അധികം ലഭിക്കുന്നില്ല. ഓരോരുത്തർക്കും ആവശ്യമുള്ളത് നൽകപ്പെടുന്നു. അതുപോലെ തന്നെ ജനങ്ങളുടെ ആവശ്യങ്ങൾ അറിഞ്ഞ് അവരുടെ ആവശ്യങ്ങൾക്ക് മതിയായത് നൽകുന്ന ക്രിസ്തുവിനെയാണ് നാം ഈ വി. ഏവൻഗേലിയോൻ ഭാഗത്ത് ദർശിക്കുന്നത്.

ഇന്ന് തൃപ്തി ഒട്ടും ഇല്ലാത്ത ഈ ലോകത്തിൽ മനുഷ്യർക്ക് തൃപ്തിയും സമാധാനവും പൂർണ്ണതയും നൽകുവാൻ സാധിക്കുന്നത് ദൈവീക അനുഗ്രഹങ്ങൾക്ക് മാത്രമാണ് എന്നു നാം മറക്കരുത്. ഏവൻഗേലിയോൻ ഭാഗത്ത് ആരും അതൃപ്തരായി നാം കാണുന്നില്ല. വീണ്ടും ശേഷിച്ച അപ്പം ഏഴ് കുട്ടകൾ നിറച്ചെടുത്തു എന്നു നാം മനസ്സിലാക്കുന്നു. ആ ശേഷിച്ച ഏഴുകുട്ടകൾ സാക്ഷ്യത്തിന്റെ അടയാളങ്ങൾ ആയിരുന്നു. ഈ കുട്ടകളുമായി യേശുവിനോടൊപ്പം ശിഷ്യന്മാർ നടന്നുപോകുമ്പോൾ തീർച്ചയായും ആളുകൾ ചോദിക്കും. ഈ അപ്പക്കുട്ടകൾ എവിടെനിന്നാണ് എന്ന്? അപ്പോൾ അതെല്ലാം സാക്ഷ്യത്തിന്റെ അടയാളങ്ങളായി പരിണമിക്കുന്നു. ദൈവാനുഗ്രഹങ്ങൾ എല്ലാം ദൈവനാമ മഹത്വത്തിന്റെ മുഖാന്തരങ്ങൾ ആയിത്തീരുവാനുള്ളതാണ് എന്ന് ഈ വേദഭാഗം ഓർമ്മിപ്പിക്കുന്നു.

**പെന്തിക്കോസ്തിക്കുശേഷം ഒൻപതാം ഞായർ**
**വി: ലൂക്കോസ് 14: 7– 11 ജൂലൈ 26**

ശാബത്തു നാളിൽ കർത്താവായ യേശുക്രിസ്തു പരീശപ്രമാണിമാരിൽ ഒരുവന്റെ വീട്ടിൽ ഭക്ഷണം കഴിക്കുവാൻ വന്നപ്പോൾ ഉണ്ടായ സംഭവവികാസങ്ങളുടെ വെളിച്ചത്തിൽ യേശുക്രിസ്തു പങ്കുവെയ്ക്കുന്ന ചില ദൈവരാജ്യ ദർശനങ്ങൾ ആണ് ഈ ആഴ്ച്ചയിലെ വി. ഏവൻഗേലിയോൻ ഭാഗത്ത് നാം വായിക്കുന്നത്.

ദൈവരാജ്യത്തിന്റെ ദർശനങ്ങൾ (Alernative vision of God's kingdom) അത് ജീവനെ നിലനിർത്തുന്നതും (life affirming) ജീവന്റെ ആഘോഷമായിത്തീരുന്നതും ആണ്. അത്തരത്തിലുള്ള ദൈവികരാജ്യത്തിന്റെ ഉപമകൾ കർത്താവ് ഒരു വിരുന്നിന് ക്ഷണിക്കപ്പെട്ട അതിഥികളുടെ ഉപമയിൽകൂടി പങ്കുവയ്ക്കുന്ന മൂന്നു പ്രധാനപ്പെട്ട ചിന്തകൾ

**1. നമ്മുടെ യോഗ്യതകളേക്കാൾ വിളിച്ചവന്റെ വിശ്വസ്തതയാണ് ദൈവരാജ്യത്തിന്റെ ബദൽ ദർശനം.**

വചനം നമ്മെ ഓർമ്മിപ്പിക്കുന്നു, നാം ദൈവത്തെ തെര

ഞ്ഞെടുത്തതല്ല, മറിച്ച് ദൈവം തന്റെ വിശ്വസ്തതയിൽ നമ്മെ തെരഞ്ഞെടുത്തതാണ്. (It is not we who have chosen God, rather God has chosen us) ഇവിടെ വിരുന്നിനു ക്ഷണിച്ച ആൾ നമ്മുടെ യോഗ്യതകൾ നോക്കാതെ തന്റെ വിശ്വസ്തതയിൽ നമ്മെ ക്ഷണിക്കുകയും നമുക്ക് തക്കതായ ഇരിപ്പിടം നൽകുകയും ചെയ്യുന്നു. വിളിച്ച ദൈവത്തിന്റെ വിശ്വസ്തതയാണ് നമ്മുടെ ശുശ്രൂഷാജീവിതത്തിന്റെ അടിസ്ഥാന മാനദണ്ഡം.

അതുകൊണ്ടുതന്നെ സ്വന്തം ജീവിതത്തേയും യോഗ്യതകളേയും കുറിച്ച് അതിരുകവിഞ്ഞ അഭിമാനമോ വിലയിരുത്തലോ ഉണ്ടാവുക എന്നത് ഒരു ദൈവപൈതലിന് ഭൂഷണം അല്ല. നാം അയോഗ്യമായിരിക്കുമ്പോൾത്തന്നെ നമ്മെ സ്നേഹിച്ച ദൈവത്തിന്റെ സ്നേഹവും വിശ്വസ്തതയുമാണ് നമ്മെ ക്രിസ്തീയ ജീവിതത്തിൽ നിലനിർത്തുന്നത് എന്ന് നാം മറന്നുപോകരുത്.

**2. വിളിച്ചവന്റെ സമയത്തിനായി കാത്തിരിക്കുവാനുള്ള പക്വത.**

ക്ഷണിച്ചവൻ നമ്മോട് ഇടപെടുന്ന സമയം ഉണ്ട്. ക്ഷണിച്ചവൻ നമ്മുടെ അടുത്തേയ്ക്ക് വരുന്ന ഒരുവേളയുണ്ട്. അതുവരെ ക്ഷമയോടെ കാത്തിരിക്കുവാനുള്ള ആത്മീയ പക്വത ഒരു ദൈവപൈതലിനുണ്ടാകണം. പുതിയ നിയമ ഭാഗത്ത് സമയത്തിന് രണ്ടു ഗ്രീക്കുപദങ്ങൾ ആണ് ഉപയോഗിച്ചിരിക്കുന്നത്. (1) Chronos(2) Kairos. അതിൽ (1)Chronos എന്നപദത്തിൽ നിന്നാണ് Chronology എന്ന ഇംഗ്ളീഷ് വാക്ക് ഉണ്ടായിട്ടുള്ളത്.Chronos എന്നാൽ സാധാരണ സമയം എന്നാണ്. എന്നാൽ Kairos എന്നാൽ Gods (appointed time) ദൈവിക ഇടപെടലിന്റെ സമയം എന്നുകൂടി അർത്ഥമാക്കുന്നുണ്ട്.

പന്തിക്കുവിളിച്ചവൻ നമ്മെ ചേർത്തു പിടിക്കുന്നു. നമ്മെ മാനിക്കുന്ന ഒരു സമയം ഉണ്ട് എന്നുള്ള പൂർണ്ണമായ പ്രതീക്ഷയും ആ സമയത്തിനുവേണ്ടിയുള്ള ഒരു കാത്തിരിപ്പും നമുക്ക് ഉണ്ടാകണം.പൗലോസ് അപ്പോസ്തോലൻ പറയുന്നു, കർത്താവിന്റെ അമിതബലത്തിൽ ആശ്രയിക്കുവാനും അവന്റെ ബലമുള്ള ഭുജത്തിൽ കീഴെ താണിരിപ്പാനും ഒരു വിശ്വാസിക്ക് എപ്പോഴും സാധിക്കണം. (Waiting for Gods time and waiting for the moment of kairos)

**(3) സ്വയം താഴ്ത്തുന്നതിലൂടെ മഹത്വവത്ക്കരിക്കപ്പെടുന്ന ജീവിതങ്ങൾ ആകണം.**

സ്വന്തം മഹത്വങ്ങളെക്കുറിച്ച് പറയുന്നവരുടെ മദ്ധ്യേ, സ്വന്തം കഴിവുകളെ ഉള്ളതിനേക്കാൾ ഉപരിയായി ഉയർത്തിക്കാട്ടുന്ന ഒരു ലോകത്ത് ഇല്ലാത്തത് ഉണ്ട് എന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുന്നവരുടെ ഇടയിൽ കർത്താവ് പറയുകയാണ്. "തന്നെത്തന്നെ ഉയർത്തുന്നുവോ അവൻ താഴ്ത്തപ്പെടും. തന്നെത്തന്നെ താഴ്ത്തുന്നവരെല്ലാം ഉയർത്തപ്പെടുകയും ചെയ്യും." കർത്താവ് തന്നെ അനുഗമിക്കാൻ ഇച്ഛിക്കുന്നവരോട് സുവിശേഷഭാഗത്തു പറയുന്നു, "ഒരുവൻ എന്നെ അനുഗമിക്കുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്തു തന്നെ അനുഗമിക്കട്ടെ." സ്വയം ത്യജിക്കുക എന്നതിന്റെ അർത്ഥം സ്വന്തം ഇഷ്ടങ്ങളും ആഗ്രഹങ്ങളും പിടിവാശികളുമെല്ലാം കർത്താവിന്റെ ക്രൂശിനുമുമ്പിൽ സമർപ്പിക്കുകയും ദൈവഹിതം കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുകയും ചെയ്യുക എന്നതാണ്. സ്വയം ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് കർത്താവിനെ അനുഗമിക്കുന്നവർക്ക് മാത്രമേ ക്രിസ്തുശിഷ്യരായി തീരുവാൻ സാധിക്കുകയുള്ളൂ. സ്വയം താഴ്ത്തുന്നതിലൂടെ മഹത്വവത്ക്കരിക്കപ്പെടുവാനുള്ള വലിയവിളിയാണ് നമുക്ക് ഉള്ളത് എന്നോർക്കണം. Ego എന്നപദത്തിന് ഉള്ള നിർവചനം Edging God out (ദൈവത്തിന്റെ അരികുകളിലേക്ക് പാർശ്വവത്ക്കരിക്കുക)പകരം നമ്മുടെ സ്വയത്തെ മുഖ്യ സ്ഥാനത്ത് പ്രതിഷ്ഠിക്കുകയും ചെയ്യുന്ന അവസ്ഥയാണ്. എന്തിൽ തൊടുമ്പോഴാണ് നമ്മുടെ ഹൃദയം ഉലയുന്നത് അതാണ് നമ്മുടെ ഈഗോ. കർത്താവ് ദൈവരാജ്യത്തിന്റെ ബദൽദർശനമായി നമ്മെ ഓർമ്മിപ്പിക്കുന്നത്,ദൈവസന്നിധിയിൽ താഴ്ത്തുന്നവർക്ക്,തങ്ങളെത്തന്നെ ത്യജിക്കുന്നവർക്ക്, ദൈവത്തെ കൃത്യമായി പരിഗണിക്കുന്നവരെ ഉയർത്തുന്ന ഒരു ദൈവം ഉണ്ട് എന്ന വസ്തുതയാണ്. ആ സമയം വരെയും ക്ഷമയോടെ കാത്തിരിക്കാനുള്ള മനസ്സ് നമുക്ക് ഉണ്ടാകണം.

**പെന്തിക്കോസ്തിക്കുശേഷം പത്താം ഞായർ**
**മത്തായി (18:1–14) ആഗസ്റ്റ് 2**

ഇന്നത്തെ സുവിശേഷത്തിൽ ശിഷ്യന്മാർ യേശുവിനോട് ചോദിക്കുന്നു. "സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആര്? മനുഷ്യന്റെ ചിന്തയിൽ വലിയവനാകുക എന്നത് സ്ഥാനവും പ്രശസ്തിയും അധികാരവുമാണ്. എന്നാൽ യേശു ഒരു ചെറിയ കുട്ടിയെ അവരുടെ നടുവിൽ നിർത്തി പറഞ്ഞു. "നിങ്ങൾ മാനസാന്തരപ്പെട്ടു ഈ കുട്ടിയെപ്പോലെ ആയില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല."

ഒരു കുട്ടിയുടെ പ്രധാന ഗുണങ്ങൾ വിനയം, വിശ്വാസം, ആശ്രയം, ആശ്രയത്വം, നിഷ്കളങ്കത എന്നിവയാണ്. ദൈവസന്നിധിയിൽ നാം വളരേണ്ടത് ഈ മനോഭാവത്തിലാണ്. സ്വന്തം കഴിവുകളിലല്ല, ദൈവകൃപയിലാണ് നാം ആശ്രയിക്കേണ്ടത്.

യേശു തുടർന്ന് മുന്നറിയിപ്പ് നൽകുന്നു. "ഈ ചെറിയവരിൽ ഒരാളെപ്പോലും പാപത്തിൽ വീഴാൻ ഇടയാക്കരുത്." നമ്മുടെ വാക്കുകളും പ്രവൃത്തികളും മറ്റുള്ളവരുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുന്നതായിരിക്കണം. തകർക്കുന്നതാകരുത്. മാതാപിതാക്കൾ, അദ്ധ്യാപകർ, ആത്മീയ നേതാക്കൾ, വിശ്വാസികൾ എന്ന നിലയിൽ നാം മറ്റുള്ളവർക്ക് നല്ല മാതൃകയാകാൻ വിളിക്കപ്പെട്ടവരാണ്.

അവസാനമായി യേശു കാണാതെപോയ ആടിന്റെ ഉപമ പറയുന്നു. നൂറ് ആടുകളിൽ ഒന്ന് വഴി തെറ്റിയാൽ, അതിനെ തേടിപ്പോകുന്ന ഇടയനെപ്പോലെ ദൈവം ഓരോ വ്യക്തിയെയും അമൂല്യനായി കാണുന്നു. ആരും നഷ്ടപ്പെടാൻ അവിടുന്ന് ആഗ്രഹിക്കുന്നില്ല. വഴിതെറ്റിയവരെ കുറ്റപ്പെടുത്തുകയില്ല, സ്നേഹത്തോടെ തിരികെകൊണ്ടുവരികയാണ് ക്രിസ്തുവിന്റെ വഴി.

ഈ സുവിശേഷം നമ്മെ മൂന്ന് കാര്യങ്ങൾ പഠിപ്പിക്കുന്നു.

1. കുട്ടിയെപ്പോലെ വിനയവും വിശ്വാസവും വളർത്തുക.
2. മറ്റുള്ളവർക്ക് ഇടർച്ചയാകാതെ നല്ല മാതൃകയാകുക.
3. വഴി തെറ്റിയവരെ സ്നേഹത്തോടെ അന്വേഷിക്കുകയും സ്വീകരിക്കുകയും ചെയ്യുക.

നമ്മുടെ ജീവിതത്തിൽ വിനയവും കരുണയും ഉത്തരവാദിത്തബോധവും വളർത്തി, ഓരോ മനുഷ്യനെയും ദൈവത്തിന്റെ പ്രിയപ്പെട്ട മകനായും മകളായും കാണുവാൻ കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ.

"ആമേൻ"

**കൂടാരപെരുന്നാളിനുശേഷം ഒന്നാം ഞായർ**
**മത്തായി (21:28–32) ആഗസ്റ്റ് 9**
**ഫാ. ജിനു മാത്യു മേലേൽ**

കൂടാരപെരുന്നാളിനുശേഷം ഒന്നാം ഞായറാഴ്ച്ചയിൽ പിതാക്കന്മാർ നമുക്ക് ഏവൻഗേലിയോൻ ധ്യാനത്തിനായി തന്നിരിക്കുന്ന വി. വേദഭാഗം വി.മത്തായിയുടെ സുവിശേഷം 21:28–32 വേദഭാഗങ്ങളാണ്.

തന്റെ അധികാരത്തെ ചോദ്യം ചെയ്ത പരീശ ശാസ്ത്രി മതപ്രമാണിമാരോട് യേശുതമ്പുരാൻ ചില ചോദ്യങ്ങൾ ചോദിച്ച് അവരെ ഉത്തരം മുട്ടിച്ച് അവരുടെ നിലനിൽപ്പുവരെ ചോദ്യം ചെയ്യപ്പെടും എന്ന് മനസ്സിലാക്കി യേശുക്രിസ്തുവിന്റെ മുമ്പിൽ വായ് തുറക്കാൻ കഴിയാതെ തങ്ങൾ ഒന്നും അല്ല എന്നു തിരിച്ചറിഞ്ഞ് മതപ്രമാണിമാർ നിൽക്കുന്ന പശ്ചാത്തലത്തിലാണ് യേശുതമ്പുരാൻ ഈ ഉപമ പറയുന്നത്.

“ഒരു പിതാവ് തന്റെ രണ്ടുമക്കളോട് ഇന്നു തന്റെ മുന്തിരിത്തോട്ടത്തിൽ വേലചെയ്ക എന്നു പറയുകയും ആദ്യം പിതാവ് ആവശ്യപ്പെട്ട മകൻ തനിക്കു പറ്റില്ല എന്നു വളരെ കർക്കശമായി പറയുകയും പിന്നീട് ആ മകൻ തന്റെ പിതാവിനോട് പറഞ്ഞത് തെറ്റായിപ്പോയി എന്നു തിരിച്ചറിയുകയും, പശ്ചാത്തപിക്കുകയും, തന്റെ പിതാവിന്റെ വാക്കിനു വില കല്പ്പിക്കുകയും അനുസരിക്കുകയും ചെയ്യുന്നു.രണ്ടാമൻ പിതാവ് മുന്തിരിത്തോപ്പിൽ വേലയ്ക്കു പോകാൻ ആവശ്യപ്പെടുമ്പോൾ പിതാവിന്റെ മുന്നിൽ വിനീതനായി നിന്ന് അദ്ദേഹത്തെ അനുസരിക്കും എന്നു പറയുകയും അനുസരണക്കേടു കാണിക്കുകയും ചെയ്യുന്നു.

വി. വേദപുസ്തകത്തിൽ പുതിയനിയമത്തിലും പഴയനിയമത്തിലും മുന്തിരിത്തോപ്പുകളെക്കുറിച്ചുള്ള ഉപമ കാണാൻ സാധിക്കും. യേശുതമ്പുരാൻ ഈ ഉപമ പറയുമ്പോൾ തങ്ങൾ ദൈവത്തിന്റെ സ്വന്തജനമാണെന്നു സ്വയം അവകാശപ്പെടുകയും തങ്ങൾ ദൈവത്തിന്റെ കല്പ്പനകൾ വള്ളിപുള്ളി തെറ്റാതെ അക്ഷരം പ്രതി അനുസരിക്കുന്നവരാണ് എന്ന് അവകാശപ്പെടുകയും ചെയ്യുന്ന മതപ്രമാണിമാരുടെ ഉള്ള്, ഉള്ളതുപോലെ തിരിച്ചറിഞ്ഞ് പറയുന്ന ഉപമയാണിവ. ഇതിൽ മുന്തിരിത്തോപ്പിൽ വേലയ്ക്കുപോകാം എന്നു പറയുകയും എന്നാൽ പോകാതിരുന്ന മകൻ മതപ്രമാണിമാരുടേയും ശാസ്ത്രിപരീശ സമൂഹത്തിന്റേയും പ്രതിനിധിയും മുന്തിരിത്തോപ്പിൽ പോകയില്ല എന്ന് ആദ്യം പറയുകയും എന്നാൽ പിന്നീട് പശ്ചാത്തപിച്ച് വേലയ്ക്കുപോയ മകൻ, അനുതാപത്തിലൂടെയും അനുസരണത്തിലൂടെയും ദൈവരാജ്യത്തിന് അവകാശിയായവനുമാണ്.

നമ്മുടെ ദൈവം നമുക്ക് തന്നിരിക്കുന്ന സമയം തക്കത്തിൽ ഉപയോഗിക്കണം എന്നുള്ള ഒരു സന്ദേശം ഈ വേദഭാഗത്തിൽ ഒളിഞ്ഞു കിടപ്പുണ്ട്. പിതാവ് മകനോട് പറയുന്നത് ഇന്ന് എന്റെ മുന്തിരിത്തോട്ടത്തിൽ വേലചെയ്ക എന്നാണ്. ഇന്ന് ചെയ്യേണ്ട കാര്യം ഇന്നുതന്നെ ചെയ്യുക. അത് അലസതയോടെ നാളത്തേയ്ക്കു മാറ്റിയാൽ നാളെ അതു ചെയ്യുവാൻ ഒരു പക്ഷേ അവസരം ലഭിക്കാതെ വന്നേക്കാം.

ഈ ഉപമയിൽ വാക്കും പ്രവൃത്തിയും തമ്മിൽ പൊരുത്തപ്പെടാതെ കിടക്കുന്നു. ഒരുവൻ വാക്കുകൊണ്ട് അനുസരിക്കുന്നു. പ്രവർത്തിക്കുന്നില്ല. മറ്റവൻ വാക്കുകൊണ്ട് അനുസരിക്കുന്നില്ല. എന്നാൽ പ്രവർത്തിക്കുന്നു. എന്നാൽ ഈ രണ്ടുകാര്യങ്ങളും അതായത് വാക്കുകളും പ്രവൃത്തിയും ദൈവരാജ്യപ്രവർത്തനങ്ങളിൽ ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെ പരസ്പരം ബന്ധപ്പെട്ടിരിക്കണം. ദൈവതിരുമുമ്പിൽ നമ്മുടെ വാക്കുകളും പ്രവൃത്തികളും ദൈവിക പ്രവർത്തനങ്ങളിൽ പരസ്പരം ഒന്നുചേർന്നു നിൽക്കുവാൻ അതിലൂടെ ദൈവരാജ്യത്തിലേക്ക് അനേകരെ നയിക്കുവാൻ ഈ സുവിശേഷഭാഗം ഇടയാക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

---

വാർത്ത

# വന്യമൃഗങ്ങളിൽനിന്ന് മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകണം.

**ആർച്ച് ബിഷപ്പ് മോർ സേവേറിയോസ്**

നിലയ്ക്കൽ: വന്യമൃഗങ്ങളിൽനിന്ന് മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടത് ഭരണാധികാരികളുടെ അടിസ്ഥാനപരമായ കർത്തവ്യം ആണെന്ന് ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്താ ആർച്ച് ബിഷപ്പ് മോർ സേവേറിയോസ് പറഞ്ഞു. വന്യജീവി സംരക്ഷണം ഉറപ്പാക്കുമ്പോൾ തന്നെ അവയുടെ ആക്രമണത്തിൽനിന്ന് മനുഷ്യരേയും അവരുടെ കൃഷിയിടങ്ങളേയും എങ്ങനെ സംരക്ഷിക്കാം എന്ന് ശാസ്ത്രീയവും പ്രായോഗികവുമായ മാർഗ്ഗങ്ങൾ വനപാലകർ ആരായേണ്ടതാണ്.

ലോകത്തിലെ തന്നെ ഏക എക്യൂമെനിക്കൽ ദേവാലയമായ നിലയ്ക്കൽ സെന്റ് തോമസ് ദേവാലയത്തിൽ മാർത്തോമ്മാ ശ്ളീഹായുടെ ദുഖ്റോനാ പെരുന്നാളിനോടനുബന്ധിച്ച് സംഘടിപ്പിച്ച സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ക്നാനായ വലിയ മെത്രാപ്പോലീത്ത.

ജനകീയ കൂട്ടായ്മയിൽ ജനവാസകേന്ദ്രത്തിലെ വന്യജീവി ശല്യത്തിന് ശാശ്വതപരിഹാരം എന്ന വിഷയത്തെക്കുറിച്ച് ചർച്ച നടന്നു. യോഗത്തിൽ കോന്നി എം.എൽ.എ അഡ്വക്കേറ്റ് കെ. യു. ജനീഷ്കുമാർ അധ്യക്ഷത വഹിച്ചു. റാന്നി എം.എൽ.എ. അഡ്വക്കേറ്റ് പഴകുളം മധു മുഖ്യാതിഥിയായി പങ്കെടുത്തു. ക്നാനായ സമുദായ സെക്രട്ടറി ടി. ഒ. ഏബ്രഹാം തോട്ടത്തിൽ, വെരി.റവ. ഫാ. ജോൺസൺ കല്ലിട്ടതിൽ കോറെപ്പിസ്കോപ്പാ, നിലയ്ക്കൽ ട്രസ്റ്റ് അഡ്മിനിസ്ട്രേറ്റർ ഫാ. ഷൈജുമാത്യു ഒ.ഐ.സി, നിലയ്ക്കൽ ട്രസ്റ്റ് മെമ്പർമാരായ തോമസ്കുട്ടി തേവരുമുറിയിൽ, മനേഷ് കണ്ണന്താനം, ക്നാനായ കമ്മിറ്റി അംഗങ്ങളായ സാബു കണ്ണാടിപ്പുഴ, സജി താന്നിക്കൽ, ലിനു വരാത്തറ, റാന്നി ഫോറസ്റ്റ് റേഞ്ച് ഓഫീസർ ശ്രീ. ജയൻ സീതത്തോട്, പഞ്ചായത്ത് പ്രസിഡന്റ് ലേഖ സുരേഷ് എന്നിവർ പ്രസംഗിച്ചു.

# സഭയുടെ അതിജീവനമാർഗ്ഗം

ഫാ. ഡാർലി എടപ്പങ്ങാട്ടിൽ, മുളന്തുരുത്തി

ലോകം അന്ധകാര ആഴിയിലേക്ക് നിപതിക്കുമ്പോൾ, സ്വാർത്ഥത കൊണ്ട് അധ:പതിച്ച മനുഷ്യർ പെരുകുമ്പോൾ, ഒറ്റപ്പെടലിന്റെ നീരൊഴുക്കിലേക്ക് ഒരാൾ പെട്ടുപോകുമ്പോൾ, ഭാവിയെക്കുറിച്ചുള്ള ആകുലതകൾ മനസ്സിനെ ഗ്രസിക്കുമ്പോൾ ആത്മബലത്തിന് വേണ്ടി നമ്മൾ എന്തു ചെയ്യും? പ്രാർത്ഥന ഒരു അതിജീവനമാർഗ്ഗം തന്നെയാണ്.

ഉത്ഥിതനായ ക്രിസ്തു 33 വർഷത്തെ ഇഹലോക ജീവിതവാസത്തിനുശേഷം സ്വർഗ്ഗത്തിലേക്ക് മടങ്ങിയപ്പോൾ മൂന്നു വർഷം അവന്റെ നിഴലുപോലെ നടന്ന ശിഷ്യന്മാർ ഭൂമിയിൽ തനിച്ചാകുന്നുണ്ട്. ഒറ്റയ്ക്കിനി എല്ലാ പ്രതിസന്ധികളെയും പരീക്ഷകളെയും പ്രലോഭനങ്ങളെയും നേരിടാൻ ആത്മബലത്തിനും അതിജീവനത്തിനും വേണ്ടി അവർ ഒറ്റ കാര്യമേ ചെയ്തുള്ളൂ. 'ദൈവത്തെ സ്തുതിച്ചുകൊണ്ട് സദാസമയവും ദേവാലയത്തിൽ കഴിഞ്ഞുകൂടി" (ലൂക്ക. 24:53). ലൂക്കോസിന്റെ സുവിശേഷത്തിലെ അവസാന അദ്ധ്യായത്തിലെ ഒടുവിലത്തെ വചനമാണിത്. മാനവരാശിയോട് പങ്കുവയ്ക്കുവാനുള്ള ഏറ്റവും ഉൽകൃഷ്ടവും അന്തിമവുമായ സുവിശേഷ കല്പന 'നിരന്തരം ദൈവസന്നിധിയിൽ പ്രാർത്ഥിക്കുന്നവരാകുക എന്നു തന്നെയാണ്. മുന്നോട്ടുള്ള യാത്ര ദുർഘടം പിടിച്ചതും വ്യക്തതയില്ലാത്തതുമാകുമ്പോൾ പ്രാർത്ഥനയുടെ നുറുങ്ങു വഴിവെട്ടങ്ങൾ അനിവാര്യം തന്നെയാണ്.

അപ്പോസ്തോല പ്രവൃത്തികൾ പന്ത്രണ്ടാം അദ്ധ്യായം എടുത്തു വായിക്കുക. അത്ഭുതത്തേക്കാൾ അഭികാമ്യമായൊന്ന് നാമവിടെ ദർശിക്കുന്നു. സഭ ആത്മാർത്ഥമായി പ്രാർത്ഥിക്കുമ്പോൾ എന്ത് സംഭവിക്കും എന്നതിന്റെ ഉത്തമ തെളിവാണത്. സഭയ്ക്കെതിരെ പീഡനം ഉയർന്നുവന്നിരുന്ന കാലമായിരുന്നു അത്. ഹേറോദേസ് അഗ്രിപ്പാ രാജാവ് വിശ്വാസികളെ നിഷ്കരുണം പീഡിപ്പിക്കുവാൻ ആരംഭിച്ചു. യോഹന്നാന്റെ സഹോദരനായ യാക്കോബിനെ അവൻ വാളിനിരയാക്കി. അപ്പോസ്തലന്മാരിൽ ഒരാൾ വീണുപോയപ്പോൾ സഭയ്ക്ക് നഷ്ടത്തിന്റെ വേദനയുണ്ടായി. ഇത് യഹൂദർക്ക് പ്രസാദകരമായി തോന്നിയതിനാൽ ഹേറോദേസ് പത്രോസിനെയും പിടികൂടി തടവിലാക്കി.

ആദ്യകാല വിശ്വാസികൾക്ക് രാഷ്ട്രീയ സ്വാധീനമോ, സമ്പത്തോ, സംഘബലമോ, ഭൗതിക പരിരക്ഷയോ ഒന്നുമുണ്ടായിരുന്നില്ല. എന്നിട്ടും അവർ എല്ലാ പ്രതിസന്ധികളെയും അതിജീവിച്ചത് മറ്റൊരു മാർഗ്ഗത്തിലൂടെയാണ്. പ്രാർത്ഥനയുടെ കരുത്തുകൊണ്ട് അന്നുമവർ പത്രോസിനു വേണ്ടി ഒന്നുചേർന്ന് ദൈവസന്നിധിയിൽ പ്രാർത്ഥിക്കുക മാത്രമേ ചെയ്തുള്ളൂ. എവിടെയോ തനിക്കു വേണ്ടി പ്രാർത്ഥനയിൽ കൂട്ടിരിക്കുന്നവരുണ്ടെന്ന തിരിച്ചറിവിന്റെ കരുത്തിൽ അയാൾ തടവറയെ ഉറക്കറയാക്കുന്നുണ്ട്.

ഭാരമുള്ള ചങ്ങലകളാൽ ബന്ധനത്തിനായി കിടക്കുമ്പോഴും, നാലു ഭടന്മാർ വീതമുള്ള നാലു സംഘങ്ങൾ ചുറ്റും കാവലിരിക്കുമ്പോഴും, കനത്ത കമ്പിയഴികളുള്ള തടവറയുടെ ഉള്ളിൽ രണ്ടു ഭടന്മാരുടെ നടുവിൽ അയാൾ ശാന്തമായി ഉറങ്ങിയെന്ന്. ആ വിശദാംശം എന്നെ അത്ഭുതപ്പെടുത്തുന്നു. മരണസാധ്യതയുള്ള ഒരു മനുഷ്യൻ സമാധാനത്തോടെ ഉറങ്ങിയെന്ന്. ആരൊക്കെയോ ദൂരെ തനിക്കുവേണ്ടി പ്രാർത്ഥിക്കാൻ ഉണ്ടെന്നുള്ള സാന്ത്വനത്തിലും, തന്റെ ജീവിതം ദൈവകരങ്ങളിൽ ഭദ്രമാണെന്ന വിശ്വാസത്തിന്റെ കരുത്തിലുമാണവൻ സ്വസ്ഥമായി ഉറങ്ങുന്നത്.

ഓർക്കണം, ഹേറോദേസ് അവനെ വധിക്കുവാൻവേണ്ടി മാത്രമാണ് തടവറയിൽ പാർപ്പിച്ചത്. മാനുഷികമായി പറഞ്ഞാൽ അവന്റെ മരണം മുദ്രവച്ച് ഉറപ്പിച്ചതായിരുന്നു. എന്നിട്ടും ആദിമസഭ അവനെ മോചിപ്പിക്കുവാൻ ഒരു പ്രതിഷേധം സംഘടിപ്പിച്ചില്ല. ആയുധം കയ്യിലെടുത്തില്ല. അധികാരവുമായി വിലപേശിയില്ല. പ്രാർത്ഥിക്കുക മാത്രം ചെയ്തു. മരണശിക്ഷയുടെ പരസ്യവിചാരണയ്ക്കു ഏൽപ്പിക്കപ്പെടേണ്ടതിന്റെ തലേരാത്രിയിൽ പത്രോസിനെ മോചിപ്പിക്കുവാൻ അത് മതിയായിരുന്നു. പെട്ടെന്ന് ഒരു വെളിച്ചം തടവറയിൽ നിറഞ്ഞു. കർത്താവിന്റെ ഒരു ദൂതൻ പ്രത്യക്ഷപ്പെട്ടു. പത്രോസിന്റെ കൈകളിൽ നിന്ന് ചങ്ങലകൾ താഴെ വീണു. ദൂതൻ അവനെ എല്ലാ തടസ്സങ്ങളും കടന്ന് പുറത്തേക്ക് കൊണ്ടുപോകുമ്പോൾ കാവൽക്കാർ അറിഞ്ഞില്ല, പിന്നെ, വിശ്വാസികൾ പ്രാർത്ഥനയിൽ ഒത്തുകൂടിയ വീട്ടിലേക്കാണ് അവൻ പോയത്.

ചുരുക്കത്തിൽ ലോകം ക്രിസ്തു സന്ദേശത്തെ കടന്നാക്രമിച്ചിട്ടും, വിശ്വാസ സാക്ഷ്യത്തെ പീഡനങ്ങളാൽ ഞെരിക്കുവാൻ ശ്രമിച്ചിട്ടും പ്രാർത്ഥന കൊണ്ട് വിജയം വരിച്ച കഥയാണ് സഭയുടെ ചരിത്രം. അത്തരമൊരു ദുർഘടമായ സാഹചര്യമാണ് ഇപ്പോൾ വീണ്ടും വന്നുചേർന്നിരിക്കുന്നത്. പത്രോസിന്റെ ജീവിതത്തിൽ സംഭവിച്ചതുപോലൊരു രാത്രി എല്ലാവർക്കും വന്നുചേരാൻ ഇടയുള്ള ദുർവ്വിധിയാണ്. നവയുഗസഭ കഠിനമായ പരീക്ഷണങ്ങളിലൂടെ കടന്നുപോകുകയാണ്. നിരാശയും വിശ്വാസക്കുറവും, കൽപ്പന ലംഘനങ്ങളും, വിഭാഗീയതയും അരങ്ങു വാഴുകയാണ്. അനീതിയും അക്രമങ്ങളും കുറ്റപ്പെടുത്തലുകളും നിരന്തരം വന്നുകൊണ്ടിരിക്കുകയാണ്. സുവിശേഷത്തെ ഇല്ലായ്മ ചെയ്യുവാൻ ഉതകുന്ന തടവറകൾ എല്ലായിടത്തും ഉണ്ട്.

എങ്കിലും നിരാശരാകേണ്ടതില്ല. ചങ്ങലകൾ തകർക്കപ്പെടണോ. വാതിലുകൾ തുറക്കപ്പെടണമോ... എവിടെയോ ആരോ നമുക്ക് വേണ്ടി പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു എന്നു മാത്രം. വിശ്വാസികളുടെ ശക്തി ഒരിക്കലും അവരുടെ കഴിവിലും സാമർത്ഥ്യത്തിലും അല്ല നയിക്കപ്പെടേണ്ടത്. മറിച്ച്, ദൈവത്തിലുള്ള ആശ്രയ ബോധത്തിലും പ്രാർത്ഥനയുടെ നിറവിലുമാണ്. ചിലരുടെ പാർത്ഥന തീക്ഷ്ണമായതുകൊണ്ടാണ് ഇന്നും സഭ കാലത്തിന്റെ കുതന്ത്രങ്ങളെ അതിജീവിച്ച് വളർന്നു പന്തലിക്കുന്നത്.

ഒരു പക്ഷേ, പ്രാർത്ഥിക്കുന്ന സഭ ലോകത്തിന്റെ ദൃഷ്ടിയിൽ ദുർബലമായി തോന്നിയേക്കാം. എന്നാൽ വാസ്തവത്തിലത് ദൈവത്തിന്റെ ഇടപെടലുകളാൽ കരുത്താർജ്ജിക്കുകയാണ്. ആകയാൽ പ്രാർത്ഥനയുടെ കരുത്ത് തിരിച്ചറിയുക എന്നതുതന്നെയാണ് നമ്മുടെയും അതിജീവനമാർഗ്ഗം.. ●




## സ്നേഹത്തിന്റെ ശക്തി

**ഒരു ഗുണപാഠ കഥ**

ഒരു ഗ്രാമത്തിൽ അപ്പുവും കുഞ്ഞനും എന്ന രണ്ട് സുഹൃത്തുക്കൾ താമസിച്ചിരുന്നു. അപ്പു വളരെ ദയയുള്ളവനായിരുന്നു. ഒരു ദിവസം സ്കൂളിൽനിന്ന് വീട്ടിലേക്ക് മടങ്ങുമ്പോൾ വഴിയരികിൽ പരിക്കേറ്റ ഒരു ചെറിയ നായക്കുട്ടിയെ അവർ കണ്ടു.

കുഞ്ഞൻ പറഞ്ഞു: “ഇതിനെ വിട്ടേക്കു, നമുക്ക് പോകാം”. എന്നാൽ അപ്പു നായക്കുട്ടിയെ എടുത്ത് വീട്ടിലെത്തിച്ചു. അതിന് വെള്ളവും ഭക്ഷണവും നൽകി, മുറിവ് ശുശ്രൂഷിക്കുകയും ചെയ്തു.

കുറച്ച് ദിവസങ്ങൾക്കകം നായക്കുട്ടി സുഖമായി അത് അപ്പുവിനെ എവിടെയും പിന്തുടരാൻ തുടങ്ങി. അപ്പുവിന്റെ സ്നേഹവും കരുതലും കണ്ട കുഞ്ഞനും മാറി. അവനും മറ്റുള്ളവരെ സഹായിക്കാൻ തുടങ്ങി.

**ഗുണപാഠം**

**സ്നേഹം നൽകുമ്പോൾ അത് മറ്റുള്ളവരുടെ ജീവിതത്തെയും നമ്മുടെ ജീവിതത്തെയും സന്തോഷകരമാക്കുന്നു.**

## Answers for the month of May
## Book of Zephaniah

1. Zephaniah
2. Old Testament
3 . King Josiah's reign
4. 3 Chapters
5. The Day of the Lord and God's judgment
6. Jerusalem
7. A time of God's judgment and justice
8. Philistia, Moab, Ammon, Cush, and Assyria
9. Righteousness and humility
10. God promised restoration and joy for His people.

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

**സെക്കറിയ**

1. സെഖര്യാവിന്റെ പിതാവിന്റെ പേര് എന്താണ്?
2. സെഖര്യാവിന്റെ പിതാമഹന്റെ പേര് എന്താണ്?
3. സെഖര്യാവിന്റെ ദൈവവചനം ലഭിച്ചപ്പോൾ പേർഷ്യൻ രാജാവ് ആരായിരുന്നു?
4. സെഖര്യാവിന്റെ പുസ്തകത്തിൽ എത്ര ദർശനങ്ങളുണ്ട്?
5 ആദ്യ ദർശനത്തിൽ സെഖര്യാവ് കണ്ടത് എന്താണ്?
6. പൊൻവിളക്കുതൂണും രണ്ട് ഒലിവുമരങ്ങളും കാണുന്ന ദർശനം ഏത് പുസ്തകത്തിലാണ്?
7. “ശക്തികൊണ്ടല്ല, ബലത്താലല്ല, എന്റെ ആത്മാവിനാലത്രേ” എന്ന് പറഞ്ഞത് ഏത് പ്രവാചകനിലൂടെ?
8. യെരൂശലേമിന്റെ രാജാവ് എങ്ങനെയാണ് വരുന്നതെന്ന് സെഖര്യാവ് പ്രവചിച്ചത്?
9. സെഖര്യാവ് ഏത് ക്ഷേത്രത്തിന്റെ പുനർ നിർമ്മാണത്തെ പ്രോത്സാഹിപ്പിച്ചു?
10. സെഖര്യാവിനൊപ്പം ജനങ്ങളെ പ്രോത്സാഹിപ്പിച്ച മറ്റൊരു പ്രവാചകൻ ആരാണ്?

**ജൂൺ മാസത്തിലെ ഉത്തരങ്ങൾ**

**ഹഗ്ഗായി**

1. പഴയ നിയമം
2. 2 അദ്ധ്യായങ്ങൾ
3. യെഹൂദന്മാരോട്
4. ദൈവാലയം/ആലയം
5. ഹഗ്ഗായി പ്രവാചകൻ വഴി
6. ദാര്യാവേശ് രാജാവ്
7. യോശുവ
8. സെരുബ്ബാബേൽ
9. രണ്ട് പ്രാവശ്യം
10. പിന്നത്തെ മഹത്വം മുൻകാലത്തേതിനെക്കാൾ വലുതായിരിക്കും എന്ന് പ്രവചിച്ചു

## Bible Quiz (English)
## ZEPHANIAH

1. Who was Haggai?
2. During whose reign did Haggai prophesy?
3. What was the main message of Haggai's prophecy?
4. Why had the people stopped building the Temple?
5. What did Haggai say the people should consider?
6. To whom did the word of the Lord come through Haggai?
7. Who was the governor of Judah mentioned in Haggai?
8. Who was the high priest mentioned in Haggai?
9. What promise did God give concerning the
10. What title did God give Zerubbabel in Haggai 2:23?

# ക്നാനായ സൺഡേ സ്കൂൾ സമാജം 72-ാമത് കേന്ദ്ര വാർഷികം



ക്നാനായ സൺഡേ സ്കൂൾ സമാജം 72-ാമത് കേന്ദ്ര വാർഷികം നീലംപേരൂർ സെന്റ് ജോർജ് ക്നാനായ വലിയ പള്ളിയിൽ 5/7/2026 ഞായറാഴ്ച ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുന്നു.


## 49th Wedding Anniversary
07/06/2026



**K.P.Thomas & Sosamma Thomas**

Kondoor House, Neerikad

"Wishing our lovely parents a happy anniversary"
*May God always keep you happy*

Advt -O



## 40th Day Remembrance
2 August 2026



**ഉതുപ്പാൻ ജോസഫ്**

(രാജു വള്ളപ്പുരയ്ക്കൽ)

ചെരിവുപറമ്പിൽ, കല്ലിശ്ശേരി

Age: 72 Years

Passed Away on: 24 June 2026

*Forever remembered, deeply missed, and lovingly cherished in our hearts.*

By the Sorrowing Family

Advt -O



1st Death Anniversary
25th July 2026

# A.K. ABRAHAM
## (THANKACHEN)

Adackakulathil House,
West Othera.

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

Advt - O

സന്തപ്ത കുടുംബാംഗങ്ങൾ

## 8-ാം ചരമവാർഷികം

27-07-2026



## അച്ചാമ്മ ഏബ്രഹാം

മലേശ്ശേരിൽ, വള്ളംകുളം

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 19-ാം ചരമവാർഷികം

19-07-2026



## കെ. പി. ഏബ്രഹാം

കല്ലുകുഴിയിൽ, കവിയൂർ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

**2–ാം ചരമവാർഷികം**
05-07-2026



**ചാക്കോ എബ്രാഹാം (പാപ്പച്ചൻ)**
മാവേലിക്കളം, തെക്കേവാഴയിൽ, വെളിയനാട്
"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"
സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

**11–ാം ചരമ വാർഷികം** 15-06-2026 | **3–ാം ചരമ വാർഷികം** 10-07-2026



T.A. തോമസ് (ജോർജ്)
അച്ചാമ്മ തോമസ് (കുഞ്ഞമ്മ)
തട്ടാരമണ്ണിൽ
ഇരവിപേരൂർ
"[illegible]"
സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

**5–ാം ചരമവാർഷികം**
27-07-2026



**വത്സമ്മ മാത്യു**
മുക്കടയിൽ, കുറ്റൂർ, തിരുവല്ല
"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"
സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

**First Memorial Anniversary**
10-07-2026



**Ammukutty Cherian (78)**
Pallathara House
St. Mary's Knanaya Church Pallikuth, Nilambur

Advt - O

## 8-ാം ചരമവാർഷികം
24-07-2026



### ഏബ്രഹാം മാണിക്യമംഗലം
Manikamangalam, Puzhavathu
Changanassery, (Connecticut, USA)

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## വേർപാടിന്റെ 4-ാം വർഷം
02-08-2026



### ശോശാമ്മ കുറിയാക്കോസ്
പഴയപീടികയിൽ, തുരുത്തിക്കാട്

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## ഓർമ്മകളിൽ എന്നും...

5-ാം ചരമവാർഷികം
03-07-2026



**Valsamma Chacko**
(Died on 03-07-2021)

Kodinjupallathu,
Kurichy

"[illegible]"

By Sorrowing Family

29-ാം ചരമവാർഷികം
03-07-2026



**Jacob George**
(Died on 03-07-1997)

Kaitharam,
Vennikkulam

Advt - O

**3**–ാം ചരമവാർഷികം

02-08-2026



Advt - S

## ഷാജി പി. തോമസ്

പാലപ്പുരയ്ക്കൽ (പുല്ലരിക്കുന്ന്)

കോട്ടയം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

**13**–ാം ചരമവാർഷികം

16-08-2026



Advt - S

## M.M. JOSEPH (ജോസ്)

മുളമൂട്ടിൽ, കുറ്റൂർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

**5**–ാം ചരമവാർഷികം

11-07-2026



Advt -S

## ലീലാമ്മ കുറിയാക്കോസ്

ഇടശ്ശേരിൽ, തോട്ടമൺ, റാന്നി

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

*10th Birthday in Heaven*

29-07-2026



Advt -S

## P. O. Kuriakose

(Thankachen Pallical)

Puthuparambil, Chollanal, Anjani, Ranni

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

ഇമ്പങ്ങളുടെ പറുദീസയിൽ

2nd Year
28-07-2026

41st Year
12-11-2026





C.J. James

Annamma James

Mangat Jerry Cottage,
Kurichy, Kottayam

"I am the resurrection, and the life: he that believeth in me, though he were dead, yet shall he live: And whosoever liveth and believeth in me shall never die". (St. John 11:25-26)

FOREVER IN OUR HEARTS, MISSING YOU ALWAYS.

Loving family members

Advt -G



10-ാം ചരമവാർഷികം
27-06-2026



Mrs.Pennamma Zachariah
W/o Late Subedar Zachariah M. C.
Shan Nivas, Mundiyathara,
Thengely

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

By Sorrowing Family

Advt -O



1-ാം ചരമവാർഷികം
29-07-2026



ഏലിയാമ്മ സഖറിയ (കുഞ്ഞുമോൾ)
കാഞ്ഞിരത്തുംമൂട്ടിൽ,
കറ്റോട്, തിരുവല്ല

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 1-ാം ചരമവാർഷികം

12-07-2026



## പി. സി. പൂന്നൂസ് (താലി)

പത്തിൽ, കുറിച്ചി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 1st Death Anniversary

05 - 08 - 2026



## Joseph Mathew (Raju)

Rtd. Panchayat Secretary

Thundiyil House, Manjadi, Kattode

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

By Sorrowing Family

Advt -S

## 4-ാം ചരമവാർഷികം

23-07-2026



## ലിജി ജെയിംസ്

ഈശ്വരൻ പറമ്പിൽ, കുറിച്ചി

സന്തപ്ത കുടുംബാംഗങ്ങൾ

Advt -R

## 6-ാം ചരമവാർഷികം

29-07-2026



## എൽസമ്മ ജേക്കബ്

കോവൂർ, തോട്ടമൺ, റാന്നി

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R


സ്നേഹസ്മരണയ്ക്ക്
11-ാം ചരമവാർഷികം
21.07.2026
1-ാം ചരമവാർഷികം
05.08.2026
നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലതുഭാഗത്തിൽ
പി.റ്റി ഏബ്രഹാം
പള്ളിക്കപ്പറമ്പിൽ
കുറിച്ചി
ലീലാമ്മ ഏബ്രഹാം
സന്തപ്ത കുടുംബാംഗങ്ങൾ
Advt - R


IN LOVING MEMORY ON 2ND ANNIVERSARY
29th July 2026
PROF. RAJU KURUVILLA
ARONNIL
1945 – 2024
Blessed are those who die in the Lord . . .
for they will rest from their hard work;
for their good deeds follow them!
— REVELATION 14:13
Advt - O

# Taste and see that the God is good

Seema Shinto Kanniyel, Ranni

We all know that God is good all the time. He is the leader of our lives, and we commit our life, future, wealth, and everything into the hands of Almighty God. He is our Defender, Redeemer, Tower of Refuge, and Strength .But when we read the verse, “Taste and see that the Lord is good” (Psalm 34:8), we may wonder: How can we taste God? This verse does not mean tasting God physically. It means experiencing his goodness personally by trusting Him wholeheartedly. As proverbs 3:5 says, “Trust in the Lord with all your heart and lean not on your own understanding.” So, “taste and see” means to put our faith in God, walk with Him, and experience His love, guidance, and faithfulness in our daily lives.

“Those who look to Him are radiant; their faces are never covered with shame." (Psalm 34:5),This verse teaches us that those who place their trust in theLord will be filled with joy, peace, and confidence. Their hope will never fade because they trust God with all their heart. No matter what challenges they face, God will sustain them and keep them from being put to shame. "Blessed is the one who takes refuge in Him." (Psalm 34:8) When we make God our refuge, we find safety, comfort, and strength. Those who depend on Him are truly blessed because they are under His loving care and protection. "The lions may grow weak and hungry, but those who seek the Lord lack no good thing." (Psalm 34:10) The lion is known as the king of the forest and one of the strongest animals in the wild. Yet even lions can become weak and hungry when food is scarce. This reminds us that earthly strength and power have limits. In contrast, those who seek the Lord and trust in Him will not lack any good thing that God knows they need. The Lord faithfully provides, protects, and cares for His children. Therefore, those who put their faith in Him will be richly blessed.

When we read the Holy Bible, Matthew 14:13–21, we see a beautiful example of the verse, "Taste and see that the Lord is good." In this passage, Jesus miraculously fed more than five thousand people with only five loaves of bread and two fish. Through this miracle, the people experienced God's goodness, care, and provision firsthand. It reminds us that when we trust in the Lord, we can truly see and experience His goodness in our lives.

When Jesus heard what had happened, he withdrew by boat privately to a solitary place. Hearing of this, the crowds followed him on foot from the towns. When Jesus landed and saw a large crowd, he had compassion on them and healed their sick. As evening approached, the disciples came to him and said, “This is a remote place, and it’s already getting late. Send the crowds away, so they can go to the villages and buy themselves some food.” Jesus replied, “They do not need to go away. You give them something to eat. ”We have here only five loaves of bread and two fish,” they answered. Bring them here to me,” he said. And he directed the people to sit down on the grass. Taking the five loaves and the two fish and looking up to heaven, he gave thanks and broke the loaves. Then he gave them to the disciples, and the disciples gave them to the people. They all ate and were satisfied, and the disciples picked up twelve basketfuls of broken pieces that were left over. The number of those who ate was about five thousand men, besides women and children.

Jesus noticed that a large crowd had been following Him, listening carefully to His teachings and words. As the day went on, He realized that the people had nothing to eat. Moved with compassion, He cared for their needs and desired to feed them. The disciples had only five loaves of bread and two fish, which were not enough to satisfy such a large crowd. Yet they placed what they had into the hands of Jesus.

When they surrendered their little to Him, God blessed it and multiplied it abundantly, feeding more than five thousand people. This teaches us an important lesson. Like the disciples, we should place whatever we have into God's hands—our small family, limited income, simple talents, and humble desires. When we trust Him and offer our lives to Him, God can bless what seems small and multiply it for His glory and our good. At the wedding in Cana, the hosts faced a problem. They ran

out of wine, which could have brought embarrassment and disappointment to the family. When Mary told Jesus about the situation, He instructed the servants to fill six jars with water. The servants obeyed Jesus completely, even though they did not understand what He was going to do.

When they drew out the water, it had become the finest wine. The master of the banquet tasted it and was amazed at its quality (John 2:1–11).This miracle teaches us what it means to "taste and see that the Lord is good." The servants and the wedding guests experienced God's good ness firsthand. Jesus did not just solve their problem; He provided something far better than they expected. When they trusted and obeyed Him, they witnessed His power, care, and generosity. In our lives, we also "taste and see" God's goodness when we trust Him, obey His Word, and experience His help in times of need. Just as the water was transformed into excellent wine, Jesus can transform our worries, disappointments, and weaknesses into blessings according to His perfect plan. The people at Cana tasted the wine and discovered the goodness of Jesus. We taste God’s goodness when we trust Him, obey Him, and experience His love, provision, and miracles in our lives. ●

## Biju Joseph Memorial Merit Award-2026

ബാംഗ്ളൂർ സെന്റ് മേരീസ് ക്നാനായ പള്ളിയുടെ മുൻ ട്രസ്റ്റി ദിവംഗതനായ ശ്രീ. ബിജു ജോസഫിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ മെറിറ്റ് അവാർഡ് നൽകുന്നതിലേക്കായി അപേക്ഷ ക്ഷണിക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലകളിൽ ഉയർന്ന വിജയം കരസ്ഥമാക്കിയ ക്നാനായ സമുദായത്തിലെ ഒരു വിദ്യാർത്ഥിയ്ക്കാണ് ഈ ക്യാഷ് അവാർഡ് നൽകുന്നത്. MBBS, Engineering, MCA, MBA, M.Com, PhD, തുടങ്ങിയ ഏതെങ്കിലും ഉന്നത വിദ്യാഭ്യാസ ശ്രേണിയിൽ ഉയർന്ന മാർക്കുകൾ നേടി വിജയിച്ചവർക്ക് താഴെപ്പറയുന്ന വിലാസത്തിൽ ജൂലൈ മാസം 25-നകം മാർക്ക് ലിസ്റ്റിന്റെ കോപ്പി സഹിതം അപേക്ഷിക്കാവുന്നതാണ്. E-mail മാർഗ്ഗവും അപേക്ഷിക്കാം. അവാർഡ് കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

അപേക്ഷ അയക്കേണ്ട വിലാസം.

Rev.Fr. Seethal Abraham
Vicar, St.Mary’s Syrian Knanaya Church,
Off Hennur Main Road, Kalyan Nagar,
Bengaluru, 560113
Mob: +91-99462 48373
Email: me4abraham@gmail.com &
hennurchurch@gmail.com

**ക്നാനായ ബുക്ക് സെന്റർ, ചിങ്ങവനം**
**Ph. 8848379042, 9495222740**

നമസ്കാര ക്രമങ്ങൾ, കുർബ്ബാനക്രമങ്ങൾ, ബൈബിൾ, ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പുസ്തകങ്ങൾ, പള്ളി ആവശ്യത്തിനുള്ള കാസ്സാസെറ്റ്, ധൂപക്കുറ്റി, മർബ്ഹാസാ, റാസ്സാ കുരിശ്, മുത്തുക്കുടകൾ, കുന്തിരിക്കം, ശോശപ്പ, മെഴുകുതിരി, വീഞ്ഞ്, ഫോട്ടോകൾ മിതമായ നിരക്കിൽ ഇവിടെ ലഭ്യമാണ്.

പ്രവർത്തന സമയം

**10.00-A.M. to 6.30 P.M.**

# ക്നാനായ മർത്തമറിയം വനിതാസമാജം യൂറോപ്പ് മേഖലാസമ്മേളനം

